Reg No. T. 125 പത്രാധിപർ ആർ. കൃഷ്ണൻനായർ Licence No. 680 Dated 22-9-1949

# വികടകേസരി

## രാഷ്ട്രീയ വിനോദ മാസിക.




ഒററപ്രതി 3 ണ.

**WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY,**
**PLEASE CONSULT**

# T. S. S. MANI & CO.,

**Jewellers and Dealers in Precious Stones**

MAIN ROAD : : : TRIVANDRUM. Phone No. 611



**Our Speciality:**
Reliable and Fashionable Ornaments and Silverwares Made to suit everyone's TASTE and PURSE

**A TRIAL WILL CONVINCE**



## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ല, തൃശ്ശൂർ, കോഴിക്കോട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്.

☞ **ച്യവനപ്രാശം ലേഹ്യം** റാത്തൽ 1-ന് 3 രൂപ.

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ച അടപ്പ്, രക്തവാതം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി, ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരു ത്രപ്പാതൂക്കംമുതൽ രണ്ടു ത്രപ്പാതൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ, ഏററവും നിഷ്കർഷയിലും സൂക്ഷ്മതയോടും തയ്യാർചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവേദഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക.

# VIKATAKESARI

പുസ്തകം 1 | ഫെബ്രുവരി 1950 | ലക്കം 4


## വീണ്ടും സ്വാഗതം.

സ്വാതന്ത്ര്യഭാരതം സ്വന്തംഭരണഘടനയോടുകൂടി ഒരു പരമാധികാര റിപ്പബ്ലിക്കായി ഉയൎന്നിരിക്കുന്നു. വെള്ളക്കാരൻെറ അവകാശവും അധികാരവും വിട്ടൊഴിയുന്നതിനു ഭാരതീയ ജനത അനവധി ആണ്ടുകളായി അനുഭവിച്ച ക്ലേശങ്ങളും യാതനകളും ഇന്നിതാ അവസാനിച്ചിരിക്കുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടിയുള്ള സമരത്തിനു കളമൊരുക്കിയ വീരയോദ്ധാക്കൾ പലരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ചുരുക്കം ചില ത്യാഗമൂൎത്തികൾമാത്രം ഭാരതസ്വാതന്ത്ര്യത്തിൻെറ മധുരിമയും മുരടിച്ച മുതലാളിത്വമനോഭാവവും അറിഞ്ഞു് ആസ്വദിക്കുന്നതിനു ജീവിച്ചിരിപ്പുണ്ടു്. സമാധാനപരമായ ഒരന്തരീക്ഷം സ്ഥാപിച്ചു് ശാശ്വതമായ ഐശ്വൎയ്യവും ക്ഷേമവും രാജ്യത്തു കൈവരുത്തുന്നതിനു സ്വാൎത്ഥപരിത്യാഗികളായ നേതാക്കന്മാർ ഒത്തൊരുമിച്ചുകൊണ്ടു് ശ്രമിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് അവൎക്കു വിണ്ടും സ്വാഗതം പറഞ്ഞുകൊള്ളുന്നു.

കഴിഞ്ഞ കാലങ്ങളിലേക്കു ഒന്നു കണ്ണോടിക്കുക ക്ഷിപ്രസാദ്ധ്യമല്ല. പല ചരിത്രങ്ങളും ഓൎമ്മിക്കുക ശ്രമകരമാണു്. കഴിഞ്ഞുപോയ കാൎയ്യങ്ങളെ മറക്കണമെന്നാണു പലരുടേയും അഭിമതം. എങ്കിലും സമരകാലത്തിനിപ്പുറമുള്ള ചുരുങ്ങിയ ഇന്നലെകളെ ഒന്നു തിരിഞ്ഞു നോക്കാതിരിക്കാൻ നിവൃത്തിയില്ല. മതാന്ധതയിൽ രാജ്യം പങ്കുവച്ചു് രണ്ടു സ്ഥാനങ്ങളായി വേൎതിരിച്ചു്, രണ്ടു സംഘങ്ങൾക്കായി വെള്ളക്കാർ വിട്ടുകൊടുത്തു. 1947 ആഗസ്റ്റു് 15-ാനു- അൎദ്ധരാത്രിയോടുകൂടി അങ്ങനെ വൎഗ്ഗവൈരത്തിൻെറ കൊടുംപിരി മുറുക്കിക്കൊണ്ടു് വെള്ളക്കാരൻ വിട്ടൊഴിഞ്ഞു.

ഒരു ഹിന്ദുമുസ്ലീം സംഘട്ടനം ഇൻഡ്യയിൽ തുടങ്ങി. അനവധി ആളുകൾ ചത്തൊടുങ്ങി. അനവധി ഗ്രാമങ്ങൾ വെന്തുവെണ്ണീറായി. അനേകായിരം ജനങ്ങൾക്കു വീടും ബന്ധുക്കളും നശിച്ചു. മൃഗീയമായ നരവേട്ട നാടെങ്ങും നടമാടി, ഫലഭൂയിഷ്ഠമായ ബംഗാൾ ഗ്രാമങ്ങൾ നശിച്ചു ചാമ്പലായി. കഷ്ടം, മനുഷ്യൻ മനുഷ്യനെ നിൎദ്ദയം കൊന്നൊടുക്കി-അതും മതത്തിൻെറ പേരിൽ!

മഹാത്മജിയുടെ അഹിംസാസിദ്ധാന്തത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനു സാധിച്ചു. വൻപിച്ച സൈനിക ശക്തിക്കു സാധിക്കാൻ കഴിയാത്ത മഹത്തായ കാൎയ്യങ്ങൾ, മാന്ത്രവിദ്യകൊണ്ടെന്നപോലെ ആ മഹാ മാന്ത്രികൻ സാധിച്ചു. ശാന്തതപരത്തിയ ഗ്രാമസങ്കേതങ്ങളിൽ ആ വൃദ്ധതാപസൻ സമാധാന സന്ദേശങ്ങളുമായി സഞ്ചരിച്ചു. ആബാലവൃദ്ധം ജനങ്ങളും അദ്ദേഹത്തിൻെറ അഹിംസാ സിദ്ധാന്തത്തെ ആദരിച്ചു.

എന്നാൽ ആ യതിവൎയ്യൻ ഏററവും നല്ല മനുഷ്യനായിപ്പോയി. അദ്ദേഹത്തിൻെറഅന്ത്യം ലോകത്തെ കിടുക്കി വിറപ്പിച്ചു.

ആ സംഭവം ആലോചിക്കുമ്പോൾ ആരുടെ ഹൃദയമാണു ഉരുകാത്തതു്. ഭീകരപ്രവത്തനങ്ങളുടെ നിർദ്ദയാവസ്ഥക്കു അതിരും അന്തവും അതോടെ കണ്ടെത്തിയെങ്കിൽ അതൊരു നേട്ടമായി എണ്ണാമായിരുന്നു. പക്ഷേ! പക്ഷേ!

സ്വതന്ത്രഭാരതത്തിന്റെ ഒന്നാമത്തെ ഗവണ്ണർജനറൽ മൗണ്ടുബാററൻ പ്രഭുവാണെങ്കിലും, ഒന്നാമത്തെ ഭാരതീയ ഗവണ്ണർ ജനറൽ ശ്രീ രാജഗോപാലചാരിയാണു്. പണ്ഡിതാഗ്രേസരനായ അദ്ദേഹം, പുതിയ ഭരണഘടന അംഗീകരിച്ചതോടുകൂടി സർവ്വീസിൽനിന്നും വിരമിച്ചു. ശേഷമുള്ള കാലം സാഹിത്യവും കൊണ്ടിരിക്കാനായി അദ്ദേഹം സ്വന്തനാട്ടിലേക്കു തിരിച്ചു.

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ ആദ്യത്തെ പ്രസിഡൻറായി എതിരില്ലാതെ തിരഞ്ഞെടുത്തതു് ആ ഉന്നതസ്ഥാനത്തിനു സർവഥാ യോഗ്യനായ രാജൻ ബാബുവിനെയാണു്. "മീശക്കാരൻ രാശാ" എന്നു തമിഴ്നാട്ടുകാർ പുകഴ്ത്തുന്ന ഡാക്ടർ രാജേന്ദ്രപ്രസാദിനെക്കുറിച്ചു് അധികമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. പരിശുദ്ധിയും നിസ്വാർത്ഥതയും അദ്ദേഹത്തിന്റെ കൂടെപ്പിറപ്പാണു്. ദീർഘമായ ഒരു യാതനാ ചരിത്രം അദ്ദേഹത്തിന്റെ പിന്നിലുണ്ടു്. നിയമാവലികൾ തയ്യാറാക്കുന്നതിനു അദ്ദേഹത്തിന്റെ ഉത്തരവാദിത്വം വൻപിച്ചതായിരുന്നു. അതു് പ്രയോഗത്തിൽ വരുത്തുന്നതിനു അദ്ദേഹത്തിനു സമയം കൊടുത്തതു് ഉചിതമായി. ബഹുമാനപ്പെട്ട മി. പ്രസിഡൻറിനെ ഞങ്ങൾ അനുമോദിക്കുന്നതോടൊപ്പം, അദ്ദേഹത്തിന്റെ ചുമതലയിൽ വളരാൻ തുടങ്ങുന്ന ഇൻഡ്യൻ റിപ്പബ്ളിക്കിനു് ഞങ്ങൾ സർവാത്മനാ സ്വാഗതം ചെയ്യുന്നു.

ഒരു പരിവത്തന ഘട്ടത്തിലേക്കു അതിവേഗം പാഞ്ഞുകൊണ്ടിരിക്കുന്ന ഭാരതത്തിലെ പുതിയ ഭരണഘടനയെപ്പററി, വിശേഷിച്ചും കാൺഗ്രസ്സുഭരണത്തെപ്പററി, സോഷ്യലിസ്റ്റുകാരും മററു പുരോഗമനവാദികളും അതിരൂക്ഷമായ വിമർശനങ്ങളും ആരോപണങ്ങളും നടത്തുന്നുണ്ടെന്നുള്ളതു് മറച്ചു വയ്ക്കത്തക്കതല്ല. മുതലാളി മനോഭാവത്തിൽ രൂപമെടുത്തിട്ടുള്ള ഭരണഘടനയാണു ഭാരതത്തിൽ അടിച്ചേല്പ്പിച്ചിട്ടുള്ളതെന്നും പാവപ്പെട്ട സാധാരണക്കാരന്റെ പട്ടിണിക്കു പരിഹാരം കണ്ടുപിടിക്കാൻ കാൺഗ്രസ്സുകാർ ശ്രമിക്കുന്നില്ലെന്നും, ആഹാരക്ഷാമം അനുനിമിഷം വർദ്ധിച്ചുവരുകയാണെന്നും, ഈ രീതിയിൽ മുന്നോട്ടു പോകുന്നതു് അധഃപതനത്തിന്റെ അടിയിലേക്കാണെന്നും പരാതിയുണ്ടു്- പരമാർത്ഥത്തിൽ സാധാരണക്കാരന്റെ ജീവിതത്തോതു് ഉയന്നിട്ടില്ല. അവന്റെ ഭാരം ലഘൂകരിക്കപ്പെട്ടിട്ടില്ല. കരിഞ്ചന്ത കൂടിക്കൂടിവരുന്നു. വാഗ്ദാനങ്ങൾ നിറവേററാൻ കഴിയാത്ത ഭരണകത്താക്കൾ വിട്ടൊഴിയണമെന്നു സോഷ്യലിസ്റ്റുകാർ വാദിക്കുന്നു. ഈ ചുററുപാടുകളിൽ ഒരു സ്വതന്ത്രഭാരതം വിജയിക്കണമെങ്കിൽ സമസ്യഷ്ടിസ്നേഹത്തിൽ അടിയുറച്ച ഒരു വിദഗ്ദ്ധരാജ്യമീമാംസകന്റെ പരിപക്വഹസ്തങ്ങളിൽ ഭരണം അപ്പിക്കപ്പെടണം. അങ്ങിനെ അപ്പിക്കപ്പെട്ടുവെന്നു ഇനി അഭിപ്രായം മാറുന്നതുവരെ നമുക്കു വിശ്വസിക്കാം.

നാട്ടുരാജ്യ യൂണിയനുകളുടെ ഭരണചുമതലയും ഉത്തമപൗരന്മാരുടെ ഹസ്തങ്ങളിൽ ഏല്പ്പിക്കണമെന്നു ഞങ്ങൾ രാജൻ ബാബുവിനോടപേക്ഷിക്കുന്നു. ഒന്നു ശ്രദ്ധീകരിക്കാനുണ്ടു്.

## യാതനയും യാചനയും

കൊ: തി: അസംബ്ളിയിൽ ഒരു ബഹു മെംബർ ചോദിച്ചതാണു് യാതനയും യാചനയും ഒരുപോലെയാണോ എന്നു്. ചോദ്യം ഉദിച്ചില്ലെന്നു് ഉത്തരം ഉരുത്തുവെങ്കിലും യഥാർത്ഥത്തിൽ ഉദിച്ചുപൊങ്ങിയ ഒരു ചോദ്യംതന്നെയാണതു്. ചില കുററിച്ചൂലുകൾ ചിരിച്ചുകളയുകയും ചില വാലുകൾ ചിറഞ്ഞുനോക്കുകയും ചെയ്തുവെങ്കിലും ചില സഖാക്കൾ ആ ചോദ്യത്തെ ചുഴിഞ്ഞുനോക്കിയെങ്കിലും ദൂഷണത്തിന്റെ തണലായ ആ വാക്കുകളെക്കുറിച്ചു് ആരുംതന്നെ ചിന്തിക്കുകയുണ്ടായിട്ടില്ല.

യാതന ഒരു യതിവര്യനപോലും സാദ്ധ്യമല്ലാത്ത ത്യാഗമാണ്. സർ സി. പി–യെ ഓടിക്കണമെന്നുള്ള ഒററ ഉദ്ദേശത്തിൽ അടിയുറച്ച്, ഉത്തരവാദിത്വ ഭരണത്തിന്റെ മനോഹാരിത കൊണ്ട് പുറംപൂശി സ്വാർത്ഥലാഭത്തിന്റെ ഫലകുസുമങ്ങൾ ശേഖരിക്കുന്നതിന് കേവലം നിക്ഷിപ്തതാല്പര്യക്കാരുടെ കൊടുംവഞ്ചനക്കു കൂട്ടുനിന്ന് അഴിമതിയും അക്രമവും കാണിച്ച സ്ഥിതിവിവരണ കണക്കുകൾ എണ്ണി ഏല്പിച്ച് പ്രതിഫലം പററുന്ന ഒരു തരക്കാരാണ് ഇന്നത്തെ യാതനക്കാർ. പ്രസംഗവേദികളിൽ തൊണ്ടാൻകുടുക്കകൾ എടുത്തെറിഞ്ഞും, കരിഞ്ചന്തയിൽ നെല്ലുവിററും കള്ളന്മാർക്കു കൂട്ടുനിന്നു കൊള്ളയടിച്ചും, കല്ലെറിഞ്ഞും, കമ്പോളം തകർത്തും കാൺഗ്രസ്സിന്റെ പേരിൽ കളങ്കം ചാർത്തിയ ധീരസേനാനികളാണ് യാതനക്കാർ. കടംവീടാൻ നിവൃത്തിയില്ലാതെ വാറണ്ടിൽ ഉൾപ്പെട്ട് ജയിലിൽ കയറി സർക്കാർചെലവിൽ ചട്ടിയടിച്ച്, ഇങ്ക്വിലാബു വിളിച്ചു നടന്നവരാണ് യാതനക്കാർ. നാണംകെട്ട ദേശീയത്വം ചുമലിൽ താങ്ങിക്കൊണ്ടു മുതലാളിമാരെ കബളിപ്പിച്ച് പണംപിടുങ്ങിയവരാണു യാതനക്കാർ. നിയമലംഘനത്തിന്റെ പേരിൽ അക്രമങ്ങൾ നടത്തി പട്ടിണിയില്ലാതെ കഴിച്ചവരാണ് യാതനക്കാർ. അങ്ങനെ പല കൊള്ളരുതായ്മകൾ കൊണ്ടു നാടിനെ നശിപ്പിച്ചവരുമാണു യാതനക്കാർ. ചുരുക്കിപ്പറഞ്ഞാൽ പരിഷ്കരിച്ച പതിപ്പിലുള്ള ഒരുതരം യാചകന്മാർ പേരുമാററിയതാണു യാതനക്കാർ.

എന്നാൽ, യാചന ഒരു മഹാകലയാണ്. പറവച്ചാത്തുകൾക്ക് പാരാവാരപ്പരപ്പുപോലെ ചിന്തകർക്കു പിടികിട്ടാത്ത ഗ്രന്ഥസാരമാണ് യാചന. എവിടെയും എക്കാലത്തും നിറഞ്ഞു കാണുന്ന ഒരു സ്വഭാവവിശേഷമാണു യാചന. അക്രമവും, അച്ചടക്കവും, സത്യവും, അസത്യവും അതിന്റെ അംശങ്ങളാണ്. ഭൂമി പതിച്ചു മേടിക്കലും, ഉദ്യോഗം തട്ടിയെടുക്കലും, മന്ത്രിത്വം മോഹിച്ചിരിക്കലും, പൌരപ്രമാണി ചമനടക്കലും ആദർശപ്രേമം പ്രസംഗിക്കലും ഒരുതരം യാചനതന്നെയാണ്; യാതനയുടെ പേരിലുള്ള യാചന.

യാതനയിലും പുതുമയില്ല. യാചനയുമില്ല പുതുമ. ഒന്നു മറെറാന്നിനുപകരവും, ചിലപ്പോൾ മറെറാന്നിനുവേണ്ടിയും നില്ക്കുന്നു. ആണത്വമില്ലാത്തവതന്നെയാണു രണ്ടും. അഭിമാനകരമല്ലാത്ത ജീവിതവൃത്തിയാണു രണ്ടിനും. അന്തസ്സാരഹീനമായ അവസ്ഥയാണ് രണ്ടിനും. രണ്ടും സാധാരണക്കാർ വെറുക്കുകതന്നെ ചെയ്യും.

*Visit*

**THE RENUKA GOLDEN STORES**

**STATIONERY & GENERAL MERCHANTS.**

**KATTACHAKONAM, PATTOM,**

**TRIVANDRUM.**

**Prop:- P. Balakrishna Panicker.**

എല്ലാത്തരം സ്റ്റേഷനറി സാധനങ്ങളും വാഷിംഗും, ടായിലററു സോപ്പുതരങ്ങളും, ഹാർളിക്സ്, ഓവൽടിൻ, ഓട്ടുമിൽ, ഗ്ലാസ്കോ മുതലായ ആഹാരസാധനങ്ങളും പലയിനം പൌണ്ടൻ പേനകളും മിതമായ വിലക്ക് ഇവിടെ കിട്ടുന്നതാണ്.

## "വേലക്കാരൻ"

### സംഗീതനാടകം.

രാജശ്രീ പൊട്ടക്കനിയത്തു വേലുപ്പിള്ള അവർകളുടെ ഉടമസ്ഥതയിൽ നടത്തിവരുന്ന ഓച്ചിറ പരബ്രഹ്മോദയസംഗീത നടനസഭയുടെ വേലക്കാരൻ എന്ന സംഗീതനാടകം ഈ കൊല്ലത്തെ മററു നാടകങ്ങളെ അപേക്ഷിച്ചു നോക്കിയാൽ ഒന്നാംസ്ഥാനംതന്നെ കരസ്ഥമാക്കിയിട്ടുണ്ടെന്നു പറയുവാൻ ഞങ്ങൾ മടിക്കുന്നില്ല. അനുഗ്രഹീതനടനായ മി: അഗസ്റ്റിൻ ജോസഫാണു് വേലക്കാരനായി അഭിനയിക്കുന്ന നായകൻ. കരിങ്കല്ലിനോളം സമത്വമുള്ള ഏതു ഹൃദയത്തെയും ഇളക്കിമറിച്ചിടുവാൻ കഴിയുന്ന ചില രംഗങ്ങൾ തരണംചെയ്യലാണു് ഈ വേലക്കാരൻ മുന്നോട്ടു ഇഴയുന്നതു്. കഥാനായികയായി അഭിനയിക്കുന്ന ശ്രീമതി മാവേലിക്കര പൊന്നമ്മയുടെ കലാപാടവത്തിനു കുറിച്ചു് പ്രത്യേകം പറഞ്ഞു് മനസ്സിലാക്കേണ്ടതായിട്ടില്ലല്ലോ. മി: കൊട്ടാരക്കര K. P. ഒരു കാളേജ് വിദ്യാർത്ഥി തന്നെ. മി: N. K. ആചാരിയേ വയസ്സന്റെ പാട്ടിനു തിരഞ്ഞെടുത്തതിലാണു് സന്തോഷം. ശ്രീമതിമാരായ P.S. കമലവും M. S. ചന്ദ്രവല്ലിയും വളരെ നന്നായിട്ടുണ്ടു്. ഹാസ്യശിരോമണി ശ്രീ: കലാമണ്ഡലം S. P. പിള്ളയുടെ സന്ദർഭോചിതമായ ഫലിതം കാണികളെ ചിരിപ്പിച്ചു് മണ്ണുകപ്പിക്കുമെന്നുള്ളതിനു് സംശയമേ ഇല്ല. ഹാർമ്മോണിസ്റ്റ് ചമ്പകുളം മി: നാരായണൻ നായരുടെ സംഗീതത്തിനെപ്പററി വിലമതിക്കാൻപാടില്ല. പക്കമേളക്കാർ പൊതുവേ വളരെ നന്നായിട്ടുണ്ടു്. പ്രസ്തുത കമ്പനിക്കു് വികടകേസരിയുടെ ഹൃദയംഗമമായ ആശംസ.


## സ്വാളോബ്രാൻറു സോപ്പുകൾ

**ബാർ—ടബിൻ—ക്യൂബ് മുതലായവ പല സൈസ്സിലും കിട്ടുന്നതാണു്.**







സ്വാളോബ്രാൻറു ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടിത്തം അനുസരിച്ചു് സഹായവിലക്കു് ലഭിക്കുന്നതിനു് ആകർഷകമായ സൈസ്സിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണു്.

ഇതിൻെറ പ്രത്യേകത

**ആകർഷകമായ നിറം—**

**ഹൃദ്യമായ വാസന.**

**ട്രാവൻകൂർ ഓയിൽമിൽസ്**

**ആലപ്പുഴ.**

## ശബരിമല കൊലപാതകം

(ശബരിമല പ്രതിനിധി)

അയ്യപ്പസ്വാമിയുടെ ദർശനംകാംക്ഷിച്ചു രണ്ടു മാസത്തെ കഠിനവ്രതത്തിനുശേഷം മലകയറി പതിനെട്ടാംപടിയിൽ ചെന്നെത്തിയ ചില അയ്യപ്പന്മാർ അയ്യപ്പന്റെ സിദ്ധാന്തങ്ങളെ പാടെ അവഗണിച്ചു് ഘോരമായ അക്രമങ്ങൾ നടത്തിത്തുടങ്ങിയിരിക്കുന്നു. ഈ വർഷത്തെ മകരവിളക്കു സംബന്ധിച്ചു് സ്വാമിദർശനം നടത്തുവാൻപോയിരുന്ന ഏതാനും അയ്യപ്പന്മാർക്കൂടി ചേർന്നു് ഒരു പാവപ്പെട്ട അയ്യപ്പനെ നിർദ്ദയം, മലനടയിൽവച്ചു്, അയ്യപ്പസേവാ സംഘത്തിന്റെ കണ്ണിൻമുൻപിൽവച്ചു്, ദേവസ്വം ബോർഡുകാരുടെ തോളിൽവച്ചു്, പോലീസുദ്യോഗസ്ഥന്മാരുടെ മുൻപിൽവച്ചു്, അടിച്ചുതല്ലി ചവിട്ടി കൊന്നിരിക്കുന്നു. പാവപ്പെട്ട ആ അയ്യപ്പന്റെ കയ്യിൽ രണ്ടു കമ്പിളികൾ ഉണ്ടായിരുന്നതിനെ സംബന്ധിച്ചു്, ചില ചട്ടമ്പി അയ്യപ്പന്മാർ ചോദിച്ചപ്പോൾ, ഭാഷ വശമില്ലാതിരുന്ന സാധു മറുപടി പറയാത്തതാണു കാരണം, രണ്ടു മാസം ഭജനമിരുന്നു് മലചവുട്ടിയതു് ഒരു സഹജീവിയെ ഈവിധം കൊല്ലുന്നതിനാണെങ്കിൽ, അയ്യപ്പന്മാരേ! നിങ്ങൾ ധർമ്മശാസ്താവിന്റെപേരിൽ ഇതിനപ്പുറം കടുംകൈ എന്താണു കാണിക്കാനുള്ളതു്. എല്ലാപേരും ഈശ്വരാംശമാണെന്നും, എന്നേക്കാൾ എളിയവനാരുമില്ലെന്നും പഠിപ്പിക്കുന്ന അയ്യപ്പമതത്തിന്റെ പേരിൽ ഈവിധം നീചനീചമായ ഘോരകൃത്യങ്ങൾ നടത്തി കളങ്കപ്പെടുത്തുന്നതു കഠിനമാണു്. അയ്യപ്പസേവാസംഘം അവിടെ എന്തുചെയ്യുകയായിരുന്നു. അവരുടെ ആദർശപരിശുദ്ധി ഈവിധം പാഴ്കുഴിയിൽ പതിക്കുന്നതിനു ഇടയായതിൽ ഖേദിക്കുകമാത്രമല്ല, ലജ്ജിക്കുകകൂടി ചെയ്യുന്നു. പുസ്തകവില്പനകൊണ്ടു കാലക്ഷേപം കഴിക്കാനുള്ള ഒരുസംഘടനയായി സേവാസംഘം അധഃപതിച്ചുപോയില്ലെങ്കിൽ ഇപ്രകാരമൊരു ഘോരസംഭവത്തിനു അവർ ദൃക്സാക്ഷികളായിത്തീരുകയില്ലായിരുന്നു. ദേവസ്വംബോർഡിന്റെ ഭരണപാടവം പോലീസുകാരുടെ സംഖ്യ വർദ്ധിച്ചതുകൊണ്ടുതന്നെ തെളിഞ്ഞു കാണുന്നു. ശ്രീ. കമ്പളത്തു ശങ്കുപ്പിള്ള തുടങ്ങിയ ദേശീയ നേതാക്കന്മാരും പതിനെട്ടാം പടിയിലുണ്ടായിരുന്നു. അക്രമകരമായ ഒരു കൊലപാതകം അവരാരുംതന്നെ അറിഞ്ഞതായി ഭാവിച്ചില്ല. അയ്യപ്പസ്വാമിയുടെ തിരുസന്നിധിയിൽ പാപ പങ്കിലമായ കൊലപാതകം അയ്യപ്പവേഷക്കാർ നടത്തിയതു് തീർച്ചയായും ഹൈന്ദവ ധർമ്മത്തിനു കടകവിരുദ്ധമായ ഒരു നീചകർമ്മമാണു്.

അയ്യപ്പവേഷധാരികളേ! അവരെ സേവിക്കാൻ കച്ചകെട്ടിയ സംഘമേ! ദേവസ്വംബോർഡുകാരേ! കൊല്ലും കൊലയും പാവനമായ ക്ഷേത്രസന്നിധിയിൽവച്ചു ഇനിയെങ്കിലും നടത്താതിരിക്കണേ! മലയുടെ പരിശുദ്ധിയെ മലീമസമാക്കാതിരിക്കണേ! മനുഷ്യനെ ഭരിക്കാൻ ശ്രമിക്കാതെ സ്നേഹിക്കാൻ പഠിക്കണേ!!

സ്വാമിയേ ശരണമയ്യപ്പാ

For Quality Printing

THE MURUGAN PRESS,

PAZHAVANGADI ◆ TRIVANDRUM.

## കണ്ടതും കേട്ടതും

(ചങ്കരൻ)

ബാണയുദ്ധം കഥകളിൽ തൊണ്ടയടച്ചുകൊണ്ടു സംസാരിക്കുന്ന വൃദ്ധ പറയുകയാണു് "കണ്ടതും കേട്ടതും മിണ്ടരുതിക്കാലം" എന്നു്. എങ്കിലും വീണ്ടും പറയുന്നു "മിണ്ടാതിരുന്നാലുമുണ്ടാം അനർത്ഥങ്ങൾ" എന്നു്. എന്താണു ചെയ്ക! അതുകൊണ്ടു് മിണ്ടാനും പേടി; മിണ്ടാതിരിക്കാനും പേടി.

അസംബ്ളിയിലെ തുറപ്പാക്കുറികളുടെ അടുത്തായി ഒരുദിവസം ചങ്കരൻ ഇരിക്കുക ആയിരുന്നു. വളരെ നേരമ്പോക്കുള്ള പല കോമാളിത്തരങ്ങളും അവിടെ നടന്നു. കൊച്ചീക്കൽതമ്പിയും പറവൂർ ടി. കെയും തമ്മിൽ ഒരു തെറിസമരം. തന്തയേയും തള്ളയേയും കരുകരാ അങ്ങു പറഞ്ഞുവച്ചു. രണ്ടുപേരും തുള്ളി. പുലയൻ പുറപ്പാടും പൂരപ്രബന്ധവും ഭംഗിയായി. പ്രതിപക്ഷബഹുമാനം നേതാക്കന്മാരെ കണ്ടു സാധാരണക്കാർ പഠിക്കണം.

തൊട്ടതിനും പിടിച്ചതിനും പട്ടത്തിനു എത്തു ശബ്ദമുണ്ടു്; കെ. പി-ക്കു മുദ്രക്കൈയുണ്ടു്. ടി. കെ-ക്കു് കോപമുണ്ടു്. വർഗ്ഗീസിനു് കള്ളത്തരമുണ്ടു്. ഇടപ്പള്ളിക്കു അലറിവിളിയുണ്ടു്. മററു പലക്കും പലതുമുണ്ടു്. തീരെ നന്നായിരിക്കുന്നു. അസംബ്ളിക്രടേണ്ടതു് ഇങ്ങനെതന്നെ വേണം.

താഴ്ന്നശമ്പളം 20 രൂപയാണെന്നു് മന്ത്രി പറഞ്ഞു. മൂന്നുരൂപ ശമ്പളമുള്ള തൂപ്പുകാർ, എട്ടുരൂപ ശമ്പളമുള്ള തളിപ്പുകാർ, പത്തുരൂപ ശമ്പളമുള്ള സൂക്ഷിപ്പുകാർ, പന്ത്രണ്ടുരൂപ ശമ്പളമുള്ള തോട്ടക്കാർ, ഇങ്ങനെ ആയിരക്കണക്കിനു് ഇരുപതുരൂപയിൽ കുറഞ്ഞ ശമ്പളമുള്ളവരെ അങ്ങു ഒററ അമുക്കിനു് വിട്ടുകളഞ്ഞു. കള്ളമോ, അറിഞ്ഞുകൂടാത്തതുകൊണ്ടോ, ആക്ഷേപകരമെന്നു് വിചാരിച്ചതുകൊണ്ടോ ആവോ ആക്കറിയാം.

ഏതു അബദ്ധമായാലും കാൺഗ്രസ്സുകാർ ഉന്നയിക്കുന്നതു മുഴുവനും, എത്ര പ്രതിഷേധമുണ്ടായാലും, പാസ്സാക്കിയെടുക്കുന്ന പതിവു് പരിഷ്ക്കാരമാണു്. മനുഷ്യരേ! നിങ്ങൾ മനുഷ്യരുടെ ഇടയിലേയ്ക്കു ഇറങ്ങുമെന്നുള്ള പച്ചപരമാർത്ഥം മറന്നുപോയോ? അതോ ഇനി ഒരിക്കലും ഒരു തിരഞ്ഞെടുപ്പു് ഈ നാട്ടിൽ നടക്കുയില്ലെന്നു് വിചാരിക്കുന്നതുകൊണ്ടോ.

ദേവസ്വക്കാരുടെ പേരിൽ അച്ചടക്കനടപടി എടുക്കുന്നു. പട്ടം ഗ്രൂപ്പിന്റെപേരിൽ നടപടി എടുത്തുകഴിഞ്ഞു. ഇനിയും പലരുടെ പേരിലും എടുക്കാനിരിക്കുന്നു. എന്താണു് ഈ അച്ചടക്കനടപടി? തൂക്കിക്കൊല്ലാനുള്ള അധികാരമോ മറേറാ ആണോ. വൃത്തികേടിനും അതിരു വേണ്ടതാണു്. പള്ളിക്കാരുടെ പേരിലും പത്രങ്ങളുടെ പേരിലും ഒരു നടപടിയുമെടുക്കരുതേ. കള്ളി പുറത്താകുമേ.

VISIT,

**CENTRAL CAFE**

NEAR CENTRAL THEATRE.

Pazhavangadi, Trivandrum.

സന്ദർശിക്കുവിൻ!!

**സെൻട്രൽ കഫേ**

സെൻട്രൽ തിയേററിനു സമീപം

പഴവങ്ങാടി, തിരുവനന്തപുരം.

Prop T. P. T. Nair

ഫാത്തിമാ പ്രതിമയുടെ എഴുന്നള്ളത്തും പാട്ടും ഭംഗിയാകുന്നു. പേപിടിച്ചരാജ്യത്തു് എതിനമുണ്ടു് ഒരു മോടി.

സ്വാർത്ഥപരിത്യാഗത്തിന്റെ മകുടോദാഹരണമായി മന്ത്രിമാർ പലരും രാജിവച്ചു. എങ്കിലും പലതരത്തിലുള്ള പേരിൽ അവർക്കു തീർച്ചയായും തൊഴിലും ശമ്പളവും കൊടുക്കണം. കൊടുത്തില്ലെങ്കിൽ പൂച്ച പുറത്താകും. ഇനിയും മന്ത്രിമാരുടെ എണ്ണം കുറയും. ആരെങ്കിലും ശേഷിക്കുന്നുണ്ടെങ്കിൽ അവർ ശേഷിമാന്മാരാണു്. വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥമേധാവികളുടെ ചെയ്തികളെ ശരിവക്കാനും തെററുതിരുത്താനും ത്രാണിയും തന്റേടവും അവർക്കു കാണും. അവിദഗ്ദ്ധഹസ്തങ്ങളിൽ ഭരണയന്ത്രം അമർന്നുപോയി എന്ന ആരോപണം അവസാനിക്കും.

മസ്ക്രീൻ മന്ത്രിണി പറഞ്ഞതാണു്. ഒൻപതു മന്ത്രിമാരിൽ നാലരയെങ്കിലും മന്ത്രിണിമാരായിരിക്കണമെന്നു്, കണക്കുശരിയാണു്. "ഒരുത്തനായാൽ അവനരികെ ശുശ്രൂഷിപ്പാൻ ഒരുത്തിവേണം." ഒന്നുമാത്രമേയുള്ളുവെങ്കിൽ പരാതിയാണു്. അതിനെ തള്ളിയതു ബുദ്ധിപൂർവ്വമാണു്. പാവം! കാണസംബ്ളിയിൽപോലും അയക്കാതെ ചതിച്ചുകളഞ്ഞല്ലോ മാപാവികളു്.

മദ്യനിരോധനഉത്തരവു ലംഘിച്ചതിനു് മെഡിക്കൽവകുപ്പിലെ പല ലേഡീഡാക്ടർമാരേയും ശിക്ഷിച്ചു എന്നു് ഒരു കണക്കു് അസംബ്ളിയിൽ വായിച്ചു. ലേഡീഡാക്ടർമാർ മദ്യപിക്കുമെന്നു് മാലോകർ മനസ്സിലാക്കിയിരുന്നില്ല. ആശുപത്രികൾ നാഥനില്ലാത്ത സ്ഥാപനങ്ങളായിത്തീരുന്നതു് ചുമ്മായല്ല.

കെ. ജി. മേനോനും വി. പി. മേനോനും ഉള്ളിടത്തോളം കാലം മന്ത്രിമാർക്കു പേടിക്കുടാതെ ഭരണം നടത്താമെന്നും അവരുടെ ആശ്രിതന്മാർ പറയുന്നു. പരമാർത്ഥമായിരിക്കാം. ഡൽഹിയിൽനിന്നും പറയുന്നതുപോലെ വേണമല്ലോ കാര്യങ്ങൾ നടത്തേണ്ടതു്.

മാമൻമാപ്പിളയും മനോരമയും ഉള്ളടത്തോളം കാലം കാൺഗ്രസ്സിന്റെ അന്തസ്സും ബലവും ക്ഷയിക്കുകയില്ലെന്നും ഇന്നത്തെ മന്ത്രിമാർക്കു ഭരിക്കാമെന്നും കേൾക്കുന്നു. വാസ്തവമാണോ എന്തോ.

വർഗ്ഗീസും കേശവനും വീണ്ടും മന്ത്രിസഭയിയിലേയ്ക്കു് കണ്ണുവച്ചിട്ടുണ്ടെന്നും, പനമ്പള്ളിയെക്കൂടി ചേർത്തു് ഒരു മൂന്നംഗകമ്മറ്റിയുണ്ടാക്കുന്നുവെന്നും പ്രബലമായ വാർത്ത പരന്നിട്ടുണ്ടു്. പാവപ്പെട്ട ടി. കെ-യും കുഞ്ഞിരാമനും പിന്നെ എവിടെ പോകും.


## പ്രത്യേക അറിയിപ്പ്

നിരാശപ്പെടരുതെ!

ഉത്സവകാലം നിങ്ങളെ സമീപിക്കുന്നു. പുഷ്പവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പനനീർ, കർപ്പൂരം, ചന്ദനത്തിരി തുടങ്ങിയ സകലതരം സാധനങ്ങളും മിതമായ വിലക്കു് ഇവിടെ കിട്ടുന്നതാണു്.

പ്രൊ: കെ. കുട്ടൻപിള്ള.

ചാല, സന്നതുമുക്കു്—തിരുവനന്തപുരം

അഴിമതി നിരോധനത്തിന്റെ പേരിൽ ഒരു കൃസ്ത്യനെ ഉപദ്രവിക്കുകയാണെങ്കിൽ നാലു ഹിന്ദുക്കളെ കൊല്ലണമെന്നാണു ചട്ടം. വയസ്സുതിരുത്തലായാലും ശരി, കൊള്ളയടിക്കലായാലും ശരി, 1-ന് 4 കണക്കു ശരിയാകുന്നതുവരെ അനങ്ങരുത് അതാണു നിയമം. മരക്കൈയുണ്ടെങ്കിലേ കോടാലികൊണ്ട് മരം മുറിക്കാൻ ഒക്കുകയുള്ളു. മന്ത്രിമാർ അതു മനസ്സിലാക്കിത്തന്നെയാണു ഭരിക്കുന്നത്.

കാണസംബ്ളിയിലേയ്ക്കു അംഗങ്ങളെ തിരഞ്ഞെടുത്തയച്ചതിലുള്ള തോന്ന്യാസങ്ങളെ നിശിതമായി വിമർശിക്കാത്തവരാരുമില്ല. ആരു വകവച്ചു? അധികാരമുള്ളവർ പിടിച്ച മുയലിനു കൊമ്പു മൂന്ന്. ചോക്രാകളും, വിറകുവെട്ടികളെ, വെള്ളംകോരികളെ ഡൽഹിക്കയച്ചതിൽ കൗമുദി അരിശംകൊണ്ടു. തൊലിക്കട്ടി കൂടുതലുള്ള ഭൂരിപക്ഷത്തിൽ ഇതിനപ്പുറവും നടക്കും, നടക്കട്ടെ. നടക്കട്ടെ.

കൊ: തി. ഐക്യസംസ്ഥാനമെന്നു വിളിച്ചുകൂടെന്നു കേട്ടു. കൊതിസംസ്ഥാനമെന്നു മാത്രം പറഞ്ഞുകൊള്ളണം. അതു കൊള്ളാം. ഐക്യമില്ലാത്ത നാട്ടിന് ഐക്യസംസ്ഥാനമെന്നു പേരിടുന്നതു ശരിയല്ല. അവനവന്റെ മൂക്ക് അവനവന്റെ മുഖത്തിനു മദ്ധ്യത്ത്.

യാതനക്കാർക്കു തിരുനക്കര മൈതാനവും കടൽപ്പുറവും പതിച്ചുകൊടുക്കുമോ എന്നു നിയമസഭയിൽ ചോദിച്ചതിന് മറുപടി കിട്ടിയില്ല. വേണമെങ്കിൽ അതിനപ്പുറവും നീർവാർത്തു ദാനംചെയ്യും. അതിൽ അത്ര ചോദിക്കാനെന്തിരിക്കുന്നു.

ഒരു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനെ പേഊളൻ കടിച്ചുവെന്നും, ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ, കീഴ സിൽബന്ധികളെ മുഴവൻ കടിച്ചുവെന്നും, കീഴ സിൽബന്ധികളുടെ ജീവാത്മാക്കൾ ഉഴന്നുനടക്കുന്നുവെന്നും ഒരു ശ്രുതി. ജനകീയംപോലെ പലതും ഉരുണ്ടാണല്ലോ, ഇരിക്കുന്നത്.

കണ്ടതും കേട്ടതും ഇനിയും പറയാനുണ്ട്, പറയാം.

## വെയിലൂർ പകുതിക്കച്ചേരി.

ഗ്രാമവാസികൾ എപ്പോഴും ഇടപെടേണ്ടവരാണ് പകുതി ഉദ്യോഗസ്ഥന്മാർ. അക്കൂട്ടർ ഒരുവിധം ഭേദപ്പെട്ടവരല്ലെങ്കിൽ നിരക്ഷരരും നിശ്ശബ്ദരുമായ സാധുക്കളുടെ സ്ഥിതി ദയനീയമാണ്. ഈയിടെ ഇറക്കുമതിചെയ്ത അങ്ങുന്ന് ഗണപതിക്കു കുറിച്ചതേ പിശകായിട്ടാണ്. ഒരു കരംതീരുവയിൽ നല്ല തുക പാക്കററിലാക്കി. ഇതറിഞ്ഞ മേലുദ്യോഗസ്ഥൻ സസ്പെൻറു ചെയ്യാതിരിക്കാൻ വല്ല കാരണവുമുണ്ടെങ്കിൽ 24 മണിക്കൂറിനകം സമാധാനം ആവശ്യപ്പെട്ടു. ചുരുക്കത്തിൽ ആ പേപ്പർ അതോടെ അവസാനിക്കയാണു ചെയ്തതു്. ആർക്കറിയാം നിയതിയുടെ ത്രാസ് പൊങ്ങുകയും താഴുകയും ചെയ്യുന്നതു്? അക്കൗണ്ടന്റിന്റെ പേരിലുള്ള പരാതികൾ ഇപ്പോൾ സക്കാരിന്റെ പരിഗണനയിൽ ഇരിക്കുമ്പോൾ? ഇതാ നെല്ലെടുപ്പും കുടികിടപ്പുകാരുടെ രജിസ്ട്രേഷനും എല്ലാം വരുന്നു! ഏതെല്ലാം സാധുക്കളാണാവോ വഴിയാധാരമാകാൻ പോകുന്നതു്? അധികൃതർ അറിഞ്ഞില്ലെങ്കിൽ ദൈവമെങ്കിലും അറിയാറാകണേ!! എന്നുമാത്രം പ്രാർത്ഥിക്കുന്നു.

★ രണ്ടു സിദ്ധൌഷധങ്ങൾ ★

കുഷ്ഠത്തിനും, സിഫിലിസ്സിനും

കുഷ്ഠം ഏതവസ്ഥയെ പ്രാപിച്ചതായിരുന്നാലും പരിമിതകാലത്തെ ചികിത്സകൊണ്ട് നിശ്ചയമായും ഭേദപ്പെടുത്തുവാൻ കഴിയും.

സിഫിലിസ്റ്റ് (ലിംഗവ്രണം)

എത്ര വർദ്ധിച്ചതായാലും ഏഴുദിവസത്തെ ചികിത്സകൊണ്ട് പരിപൂർണ്ണസുഖം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

N. B. രോഗികൾ വൈദ്യനെ നേരിട്ടുകാണേണ്ടതാണ്.

എൻ. വേലായുധൻ വൈദ്യൻ,
ആരോഗ്യദായിനി വൈദ്യശാല,
H O. അവനവഞ്ചേരി P. O. ആററിങ്ങൽ

786 PHONE No. 201

S. MOHAMED NOOHU,
FORWARDING & COMMISSION AGENT,
KALPALAKADAVOO, TRIVANDRUM.

വള്ളം, ലോറി വഴിയായി അയക്കുവാനുള്ള ചരക്കുകൾ മിതമായ റേററിൽ സുരക്ഷിതമായി കൃത്യ സമയങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ ഏല്പിക്കുക.

# ശുചീന്ദ്രത്തു് ദേവന്മാരുടെ സ്പെഷ്യൽ യോഗം

## തിരുവിതാംകൂറിലെ ദേവന്മാരും, ദേവികളും ഒന്നടങ്കം ക്രിസ്തുമതം സ്വീകരിക്കുവാൻ തീരുമാനിച്ചു.

ശുചീന്ദ്രക്ഷേത്രത്തിൽ അധിവാസം ശ്രീ താണുമാലയന്റെ ശിക്ഷണത്തിൻ കീഴിൽ 125 കന്നി 1-ാം-മുതൽ ശുചീന്ദ്രത്തുള്ള ഹോമപ്പുരയിൽ തിരു: ദേവന്മാരുടെ ഒരു ക്ലാസ്സ് ആരംഭിച്ചു നടത്തിവരികയാണ്. ശരിയായ അച്ചടക്കത്തോടും, അതീവ രഹസ്യത്തോടും ദിവസവും രാത്രി 11 മണിക്ക് വാദ്ധ്യാർ വക്കല ജനാർദ്ദനന്റെ അധീനതയിൽ ക്ലാസ്സാരംഭിക്കും. സ്ഥലച്ചുരുക്കംകൊണ്ട് ദേവിമാരും, ദേവന്മാരും ഉൾപ്പെടെ ഒരു മിക്സഡ് ക്ലാസേ ഇട്ടിട്ടുള്ളു.

അന്നൊരു ഞായറാഴ്ചയായിരുന്നു. രാത്രി മണി പതിനൊന്നിനോടടുത്തു. റോഡിൽ ആൾസഞ്ചാരം വളരെ കുറഞ്ഞു. കന്യാകുമാരി മുതൽ ഗോകർണ്ണംവരെയുള്ള എല്ലാ ദേവന്മാരും, ദേവിമാരും പാത്തും പതുങ്ങിയും മററാരുടേയും കണ്ണിൽപെടാതെ ക്ലാസ്സിൽ ഹാജരായി തുടങ്ങി. മണി പതിനൊന്നായതോടെ വാദ്ധ്യാർ ഹാജരു പുസ്തകവുമായി ക്ലാസ്സിൽ പ്രവേശിച്ചു. എല്ലാപേരുമെഴുന്നേററാചരിച്ചു. തുടർന്ന് ഹാജർവിളി തുടങ്ങി. ഒന്നാമത്തെ പേരുകാരിയായ ശാക്കരേശ്വരിയും എട്ടാംപേരുകാരനായ തിരുവട്ടാർ ആദികേശവനും ഹാജരില്ലായിരുന്നു. വാദ്ധ്യാർ അന്നത്തെ പാഠമായ സാമ്പത്തികധനസ്ഥിതിയെപ്പററി പാഠം ആരംഭിച്ചു.

ദേവന്മാരേ, ദേവികളേ, നാം ഇന്നു ഒരഗ്നിപരീക്ഷയിൽക്കൂടി കടന്നുപോകുകയാണ്. നമ്മുടെ സർവ്വസമ്മതമായ 51 ലക്ഷത്തിൽ അനാശാസ്യമായ രീതിയിൽ കണ്ണക്കെഴുതി കവണിയും കച്ചയും മനുഷ്യർക്കു വാങ്ങിക്കൊടുത്തുവരുന്ന തിരു: ദേവസ്വം ബോർഡിന്റെ അധികാരപരമായ പ്രവൃത്തിക്ക് ഒരു പൂർണ്ണവിരാമമിടുവാൻ ഉടനടി സമരമാരംഭിക്കണം. ലോകത്തിലെ കഴിഞ്ഞ യുദ്ധകാലംവരെ നാടനരിയും, സുഖമായ പായസവും, തനിപ്പാലും മററും ആഹരിച്ച് അതിവസുഖലോലുപരായി കഴിഞ്ഞ നമ്മൾ ഓരോരുത്തരും അവരുടെ കുഡുംബവും ഇത്രയും കാലം പച്ചരിയിൽ കഴിഞ്ഞുകൂടുകയാണ്. കല്ല്, ചുണ്ണാമ്പ് പാലിൽ ഏറിയകൂറും വെള്ളം, പായസത്തിൽ പനയോലപ്പൊളി, മണ്ണ് ഇവകൾ തിന്നുതിന്നു എല്ലാ ദേവന്മാരും പ്രത്യേകിച്ച് ദേവിമാരും, കുട്ടികളും വളരെ സങ്കടപ്പെട്ടു കഴിയുംപോഴാണ് ½ ഭാഗംമാത്രമേ ആ പച്ചരിയും അനുവദിക്കു എന്നു വന്നതു്. ശരി, ക്ഷാമമാണല്ലോ എന്നു കരുതി ആ കുറവിനെപ്പററിയും പരാതിപ്പെടാതെ സമാധാനിക്കാമായിരുന്നു. അപ്പോഴാണ് ഈ പോററിമാരുടെ അക്രമം വർദ്ധിച്ചതു്. അടുക്കളയിൽ അവർ കയറിക്കഴിഞ്ഞാൽ പിന്നെ നമ്മുടെ മുന്നിൽ വരുന്നതുകൊണ്ട് കാൽ വയറുപോലും നിറയുകയില്ലാ എന്നുള്ളതു് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിവുള്ളതാണല്ലോ. ഇതിനെപ്പററി ഗണപതിക്കെന്തെങ്കിലും പറയുവാനുണ്ടോ? ഉണ്ടെങ്കിൽ പറയുവാനനുവദിച്ചിരിക്കുന്നു.

ഗണപതി:—ഹോമപ്പുരകൾ തോറുംനടന്നു് എല്ലാംകൂടി ഭക്ഷിച്ചിട്ടും മതിവരാതിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ വയസ്സ്

അധികമായിട്ടില്ലെങ്കിലും ഈ ചോറും മററും കൊണ്ടൊന്നും എനിക്കു് അശേഷം ആവത്തില്ല. നോക്കുക സ്നേഹിതന്മാരെ! കൊഴുത്തു തടിച്ചകപോലങ്ങളും ചള്ളപോലുള്ള വയറും, ഉരുണ്ടുതടിച്ച എന്റെ ശരീരവും എങ്ങോട്ടുപോയി? ആഹാരദൗർല്ലഭ്യത്താൽ പാതി പട്ടിണിയിൽ വെന്തുവെണ്ണീറായി. ഇങ്ങനെ അധികകാലം മുന്നോട്ടുപോയാലത്തെ കഥ കണ്ടുതന്നെ അറിയണം. അതുകൊണ്ടു് അൻപത്തി ഒന്നു ലക്ഷത്തിനും എള്ളുകീറി കണക്കുപറഞ്ഞു ശാപ്പാട്ടുകാര്യം നോക്കാത്തപക്ഷം ഈ ചെലവിനളക്കുന്ന ബോർഡുമെമ്പറന്മാരാരെല്ലാമാ? അഛനവരെയാരേയും പരിചയമില്ലയോ എന്തോ...?

ഇത്രയും ആയപ്പോഴേക്കും ശാക്കരേശ്വരിയും ആദികേശവനും പതുങ്ങിപതുങ്ങി ക്ലാസ്സിന്റെ ഒരു വശത്തു പ്രത്യക്ഷപ്പെട്ടു. ആദികേശവൻ നന്നേ ക്ഷീണിച്ചിരുന്നു. ശാക്കരേശ്വരിയുടെ കേശപാശം ചിന്നിച്ചിതറിയും, കണ്ണുചുവന്നും, സാരി ആകെ ഉടഞ്ഞും കാണപ്പെട്ടു.

വാദ്ധ്യാർ:—(ഒരു ചെറിയ കൺ കോണെറിഞ്ഞു് അമന്ദചിരിയോടെ) എന്താ ശാക്കരേശ്വരി താമസിച്ചതു്. ഇവിടെനിന്നും ഏതാണ്ടു് അരപ്പതുമയിലല്ലേയുള്ളു വീട്ടിലേക്കു്. 2 മിനിട്ടുകൊണ്ടു എത്താമല്ലോ.

ശാക്കരേശ്വരി:—(കുണുങ്ങി കുണുങ്ങി മുഖം താഴ്ത്തി കാൽലിരൽകൊണ്ടു് തറയിൽ വരച്ചു്) ആവൂ! വീട്ടിൽ അത്താഴമൂണിനു് വളരെ താമസം നേരിട്ടു. മന്നത്തു പത്മനാഭപിള്ള വന്നുകയറി ഇരുന്നോണ്ടു. എന്തു ചെയ്യും. ചെലവിനു തരുന്ന ആളാണെങ്കിലും അവർ നേരേനോക്കികൊണ്ടിരിക്കുമ്പോം പെണ്ണുങ്ങൾ ഊണുകഴിക്കുവാൻ കൊള്ളാമോ? അല്ലെങ്കിൽ അടുക്കളക്കാരുക്കൊണ്ടുതരുമോ? ഏതായാലും വന്നയാൾ മുററത്തോ മറേറാ എന്തോ നോക്കാൻപോയ സമയംകൊണ്ടു് ആ വിട്ടവായൽ പോററി ഒളിച്ചും, പതുങ്ങിയും കവണിയുടെ അടിയിൽവച്ചു മറച്ചു ഏതാണ്ടു് ഒരു പിടിപച്ചരി ചോറുകൊണ്ടു വച്ചു തന്നു. വിശപ്പും അധികമുണ്ടായിരുന്നു. ആദ്യം ഒരു പിടിവാരി അമൃതേത്തുകഴിച്ചു. പകുതി തിന്നുതീന്നതോടുകൂടി വിളക്കണഞ്ഞു. അരപ്പതു മൈൽ നടക്കണമല്ലോ എന്നു കരുതി ചോറുരുട്ടിയതും എന്തോ ഒന്നു മുകളിൽനിന്നും വന്നു കയ്യിൽതന്നെ വീണതും ഒരുമിച്ചു കഴിഞ്ഞു. ഇരുട്ടാണെങ്കിലും സൂക്ഷിച്ചുനോക്കിയപ്പോൾ അതൊരു എലിയായിരുന്നു എന്നു മനസ്സിലായി.

വാദ്ധ്യാർ:—(അരിശംകൊണ്ടു്) ശരി. നിങ്ങൾക്കകത്തു കടക്കാം. നോക്കുക മനുഷ്യരുടെ ധിക്കാരം. ചോദിക്കാനും, പറയാനും. ആളില്ലാത്തതുപോലെ അവരുടെ പെരുമാററം കണ്ടില്ലേ. അതങ്ങിനെയായി. എന്താ! മി. ആദികേശവൻ താമസിച്ചതു്?

ആദികേശവൻ:—ഊണെല്ലാം നേരത്തെതന്നെ കഴിഞ്ഞു. ഒരു കാളൻ കാലത്തെ നമസ്കാരത്തിനോ മറേറാ വച്ചതുണ്ടായിരുന്നു. ഉള്ള ചോറു മുഴുവനും ഇരുട്ടത്തുതന്നെക്കഴിച്ചു. അവിടെനിന്നും യാത്രയുമായി. ഈ പച്ചരിയായതു മുതൽ കൂടെക്കൂടെ വയറുകടി ബാധിക്കുക പതിവാണു്. പകുതി വഴിയായപ്പോൾ ഒരു വയററുവേദനയും മലംപോക്കും തുടങ്ങി. ഏതാണ്ടു് പത്തുതവണ വയററിൽനിന്നും പോയിരിക്കും. അത്രയും സമയം താമസം നേരിട്ടു.

(ക്ലാസ്സാകെ വൻചിരികൊണ്ടു മുഖരിതമായി)

ചുടലമാടൻ:—(ചാടിഎഴുന്നേററു്) ഛായ്, എന്തൊരനീതി. സഹിക്കുവാനരുതാത്ത ധർമ്മസങ്കടം. കുഡുംബസ്വത്തുതന്നൊ എത്ര അധികമുള്ള ഒരു ദേവിയാണു് ശാക്കരേശ്വരി അവരുടെ ആദികാലം മുതലേ എനിക്കറിയാം. ഒരു ഗംഭീരമായ തറവാട്ടിലെ അംഗ

മാണ് അവർ. ആദികേശവന്റെ കാര്യമാണെങ്കിൽ പറയാനുമില്ല. സ്വന്തമായി കുറഞ്ഞതു് ആയിരപ്പറനിലം കൃഷിയുള്ള വീട്ടുകാരനാണ്. ടിയാനു ആനയുമൊക്കെയുണ്ടു്, എന്നിട്ടും നോക്കുക അനുഭവം. ആകട്ടെ സാർ എനിക്കൊരു സംശയം. ഇപ്പോൾ എല്ലാപേരുടേയും ചിലവിനായി നീക്കിവച്ചിരിക്കുന്ന അൻപത്തി ഒന്നുലക്ഷം ആരുടെ ചുമതലയിലാ ചെലവഴിക്കുന്നതു്?

വാദ്ധ്യാർ:—മന്നത്തു പത്മനാഭന്റെ മേൽനോട്ടത്തിലും, ശിവഗിരി മൂന്നാംക്ലാസ്സിലെ ഹെഡ്മാസ്റ്ററായിരുന്ന ശങ്കരന്റെ കണക്കുപറച്ചിലിലും ഏതോ ഒരു ശങ്കരനാരായണരുയുടെ നുണ പറച്ചിലിലുമാണ് നമ്മുടെ 51-ന്റെ പോക്ക്.

ചുടലമാടൻ:—ഇതു സാദ്ധ്യമല്ല. അര നിമിഷം അടങ്ങിയിരിക്കരുതു്. ഈ അൻപത്തിഒന്നു് ലക്ഷംമതി നമുക്കെല്ലാപേർക്കും സുഖമായി ജീവിക്കുവാൻ. നോക്കുക കന്യാകുമാരി ദേവിയെ! സാരികീറിയിരിക്കുന്നു. ചെയിനിന്റെ ഒരു വശം നൂലുകൊണ്ടു് ഏച്ചു കെട്ടിയിരിക്കുന്നു. എല്ലുംതോലുമായി അവർ ഉണങ്ങി വശായി. അവർക്കു സ്വത്തില്ലേ? ഒന്നുപൊറിട്ടുപോലുമില്ല. അതുകൊണ്ടു് ഉടൻതന്നെ കണക്കുവിദഗ്ദ്ധ മധുര മീനാക്ഷിക്കു് കമ്പികൊടുത്തു അവളെ നാളെത്തന്നെ ഇവിടെ വരുത്തി അവരുമായി ആലോചിച്ചു അവരുടെ കമ്യൂണിസ്റ്റുപാർട്ടിയിൽചേർന്നു ഈ ബോർഡിനോടു പടവെട്ടി കണക്കു പറഞ്ഞു ചെലവിനു് വാങ്ങിക്കുവാനുള്ള പ്രവർത്തിയുടെ ആസൂത്രണം ഇപ്പോൾ തയാറാക്കണം. അല്ലാത്തപക്ഷം നമ്മളാരും ദൈവങ്ങളോ ദേവികളോ അല്ലാ. എന്താ തോന്നൽ. മഹിഷാസുരമർദ്ദിനി എന്തു പറയുന്നു.

മഹി: മ:—ശരിയാണു ചേട്ടാ! കന്യാകുമാരിക്കും ശാക്കരേശ്വരിക്കും കീറിയ സാരികളെങ്കിലും നഗ്നത മറക്കുവാനുണ്ടു്. എന്നാൽ ബത്തുസ്സൂട്ടിനെ ഒന്നു മറച്ചുവക്കുവാൻ കടയ്ക്കാവൂർ തരം ചുട്ടിതോർത്തുപോലുമില്ലാതെ ഞാൻ കഴിയുന്നതോ? വിളക്കുവയ്ക്കുമ്പോൾ തന്നെ എന്റെ തൊലി അങ്ങു പൊള്ളിപ്പോകുകയാണ്. പിന്നെ കൊണംവരാൻ ഇപ്പോഴത്തെ ചുമതലക്കാരൻ 2 പാവാട മേടിച്ചു. അത്ര തന്നെ. അങ്ങിനെ നമ്മുടെ ആവശ്യങ്ങളെ ഗണിക്കാതെ നമ്മുടെ സ്വത്തുകൊണ്ടു് ചാത്തനും, ചടയനും മുണ്ടുവാങ്ങിക്കൊടുക്കുന്നു. എന്തിനു്? ആരുടെ അനുവാദത്തിന്മേൽ? മാത്രമോ. പള്ളിക്കൂടം പിള്ളേർക്കു ഫീസ്സുംകൊടുക്കുന്നുപോലും. നമ്മെ മുണ്ടുടുപ്പിക്കാതേയും പകുതി പട്ടിണിയിട്ടും മനുഷ്യരെ പോററിത്തുടങ്ങിയിരിക്കുകയാണ്.

ഹരിപ്പാട്ടു കൃഷ്ണൻ.—മർദ്ദിനിയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. പിടിച്ചു പറിയും അക്രമവുമാണ് ഈ ബോർഡുകാർ നടത്തുന്നതു്. അവരുടെ പിള്ളേർ ഒന്നു പട്ടിണി ആകട്ടെ, അവർ മുണ്ടുടുക്കാതെ നടക്കട്ടെ. അപ്പോൾ അറിയാം അവരുടെ ദണ്ഡം. അതുകൊണ്ടു് ഒരന്ത്യശാസനം പ്രമേയരൂപത്തിൽ പാസ്സാക്കണം. അതു് ഉടനടി ബോർഡു് അംഗങ്ങൾക്കു് അയച്ചുകൊടുക്കുകയും വേണം. പ്രമേയം രക്തയക്ഷി എന്നെ ഏല്പിച്ചിട്ടുണ്ടു്.

വാദ്ധ്യാർ:—വായിച്ചാട്ടെ!

ഹരി: കൃഷ്ണൻ:—ദേവകുലത്തെ മുഴവനും പട്ടിണിയിട്ടും, നഗ്നതമറയ്ക്കുവാൻ കൊടുക്കാ

VISIT KERALA SALOON
**Pazhavangadi, Trivandrum.**

നവീന ഉപകരണങ്ങളോടുകൂടി പ്രവർത്തനം നടത്തിവരുന്നു. പരിഷ്കൃത രീതിയിലുള്ള ക്രോപ്പ്—ഒന്നാംതരം ഷേവും ഇഷ്ടപ്പെടുന്നവർ ഞങ്ങളെ സമീപിക്കുക.

പ്രൊ: കെ. അപ്പുക്കുട്ടൻ.

തേയും, മററു പല വിധത്തിലും കള്ള കണക്കുപറഞ്ഞു് അപഹരിച്ചു് പള്ളിക്കൂടം വയ്ക്കുവാനും, കരയോഗമന്ദിരം പണിയുവാനും കാളേജുകൾ കെട്ടി പടുക്കുവാനും തുടരുന്ന തിരു: ദേ: ബോർഡിൻെറ നയത്തിൽ ദേവന്മാരുടെ ഈ ക്ലാസ്സു് ശക്തിയുക്തം എതിക്കുകയും കുറവുചെയ്തിട്ടുള്ള എല്ലാവും ഉടൻ മുൻതോതിലാക്കുകയുംചെയ്തു് 24മണിക്കൂറിനകം സങ്കടപരിഹാരംചെയ്തു് വിവരം ലീഡർതാണുമാലയനെ അറിയിക്കാത്തപക്ഷം ഞങ്ങൾ കുടുംബസഹിതം കമ്മ്യൂണിസത്തിൽ ചേൎന്നു് അവകാശവും, ആവശ്യവും സാധിക്കുന്നതുവരെ രക്തസമ്മിശ്രമായ വിപ്ലവം തുടരുന്നതുമാണു്. ദേവയോഗം സിന്താബാദു്

അവതാരിക "രക്തയക്ഷി"

പള്ളിയറഭഗവതി:—ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രമേയം ഓട്ടിനിട്ടതിൽ എതിരില്ലാതെ പാസ്സായി. തിരു: ദേ: ബോർഡിനു് അയക്കുവാൻ ശബരിമല ശാസ്താവിനെ ചുമതലപ്പെടുത്തി.

ഇത്രയുമായപ്പോഴേക്കും ശ്രീമാൻ ഉള്ളൂർ സുബ്രഹ്മണ്യൻ ബെഞ്ചിൽനിന്നും തലയും കുത്തി തറയിൽവീണു. ഹാളിൽ ആകെ ബഹളമായി. ധന്വന്തരി നെയ്യാററിൻകര കൃഷ്ണൻ രോഗിയെ പരിശോധിച്ചു. "പായൽ, പാള, ഓല, മുതലായവ അനേകവർഷങ്ങളായി അഴുകിച്ചേൎന്നു് മലിമസവും, ദുർഗന്ധപൂരിതവും, പുരാണപുരീഷസംകലിതവും ആയി കെട്ടിനില്ക്കുന്നകുളത്തിൽ തുടർച്ചയായുള്ള കുളിമൂലം തലക്കും, ശരീരത്തിനും നേരിട്ടിട്ടുള്ള അസ്വാസ്ഥതയാണു് ഇപ്പോൾ മി. ഉള്ളൂർ സുബ്രഹ്മണ്യനു് ബാധിച്ചിരിക്കുന്നതു്. ക്ഷേത്രക്കുളം ശരിപ്പെടുത്തുന്നതുവരെ കുളി നിറുത്തുകയും, അല്ലാത്തപക്ഷം സ്വന്തം വീട്ടിൽവച്ചു് വെള്ളം ചൂടാക്കി കുളിക്കുകയും ചെയ്യണം. കുളി കുളത്തിൽതന്നെ തുടൎന്നാൽ മന്തു്, ഉദരരോഗം, കുഷ്ഠം മുതലായ മഹാമാരികൾ പിടിക്കുവാനിടയുണ്ടു്. ഇപ്പോഴത്തെ ക്ഷീണം ഉടനെ മാറിക്കൊള്ളും. ഇതായിരുന്നു ധന്വന്തരിയുടെ അഭിപ്രായം.

"ഹേയ്, ഹേയ്, ഹാ, ഹാ!" അങ്ങൊരു മൂലയിൽ ഒരു ശബ്ദഘോഷം. എല്ലാപേരുടേയും ശ്രദ്ധ അങ്ങോട്ടുതിരിഞ്ഞു. മുന്നൂററിനങ്കമ്മ തളൎന്നു മലൎന്നു കിടന്നു ഛർദ്ദിക്കുന്ന ഘോഷമായിരുന്നു അതു്. നാസാരന്ധ്രങ്ങളും, കഴുത്തും, തലമുടിയും ആകെ ഛർദ്ദിലിൽ മുങ്ങിവശായി. ധന്വ


# ഉഡുപ്പി ശ്രീവാസ് ബോർഡിംഗ് & ലാഡ്ജിംഗ്

## സെൻട്രൽ സ്റ്റേഷൻറോഡു്, തിരുവനന്തപുരം.

യാത്രക്കാരുടെ സുഖസൌകര്യത്തെ ആസ്പദമാക്കി നവീനരീതിയിൽ നടത്തിവരുന്ന ഞങ്ങളുടെ ഹോട്ടലിൽ രുചിയും ശുചിയുമുള്ള ആഹാര പാനീയപദാർത്ഥങ്ങൾ എപ്പോഴും തയാർ.

N. B, താമസക്കാൎക്കു് മുറികളും വാടകക്കു കൊടുക്കുന്നതാണു്.

പ്രൊ: J. H. പോററി.

ന്തരി ഉടൻ അവിടെ എത്തി രോഗിയെ പരിശോധിച്ചു പറഞ്ഞതു് വായു ക്ഷോഭമാണു കാരണമാണെന്നാണു്. വായുക്ഷോഭമുണ്ടായതു തന്നെ ക്ലാവുപിടിച്ച പാത്രങ്ങളിൽ പാകംചെയ്യുന്ന ആഹാരം തുടർച്ചയായി കഴിക്കുന്നതുകൊണ്ടാണു്. നിരാഹാരവ്രതം ഉത്തമം.

അരമണിക്കൂർകൊണ്ടു് അന്തരീക്ഷം ശാന്തമായി. മണി ഏതാണ്ടു് ഒന്നു കഴിഞ്ഞു. അന്തരീക്ഷം കാർമേഘപടലംകൊണ്ടു് നിറഞ്ഞു. കൊള്ളിയാനും, ഇടിയും, തുരുതുരെ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

മണ്ണാറശാല ഭഗവതി:—ഇതാ മഴ ഇപ്പോൾ തുടങ്ങും. വീടിന്റെ പടിഞ്ഞാറുഭാഗം മുഴുവനും ഓടിളകി പൊട്ടിച്ചുവടിഞ്ഞുതൊഴിഞ്ഞു കിടക്കുകയാണു്. വെള്ളം ഒലിച്ചു് അകത്തുകടന്നു് ഉറങ്ങിക്കിടക്കുന്ന കുഞ്ഞുങ്ങളെയെല്ലാം ഉപദ്രവിക്കും. ഉടനെ അതിനെന്തെങ്കിലും സമാധാനം വരുത്തിതരണം.

വാദ്ധ്യാർ:—ശരി. ഇനി എന്താകിലുമാക്കെങ്കിലും പറയുവാനുണ്ടോ?

കോട്ടം ദേവസ്വം ശിവൻ:—മണ്ണാറശാല ഭഗവതിക്കു് അത്രയും മാത്രം ഭയപ്പെട്ടാൽ മതി. എന്റെ കാര്യമോ? ഞാൻ ഇത്ര ആഹാരം കഴിച്ചിട്ടു് വർഷം 6-ആയി. വല്ലപ്പോഴും കൂടി ആ മുഹമ്മദീയർ വല്ല പിരിയാണിയോ മറ്റോ തന്നാലായി. ഞാൻ അഭിമാനം കരുതി വാവിട്ടു ചോദിച്ചിട്ടില്ല. മാത്രമോ? ഈ വയസ്സുകാലത്തു് 12 മണിക്കൂറും വെയിലുകൊള്ളുന്നു. ഉള്ള മഴയും മഞ്ഞുമെല്ലാം സഹിക്കുന്നു. ഇതെല്ലാം ആരറിഞ്ഞു. അറിഞ്ഞാൽതന്നെ പാപങ്ങളായ ഞങ്ങൾക്കു് ആരെന്തുചെയ്യുവാൻ പോകുന്നു. വാദ്ധ്യാർ ഇതൊന്നു പ്രത്യേകം ശ്രദ്ധിച്ചാൽ നിങ്ങളുടെ കുടുംബത്തോടെ മോക്ഷംകിട്ടും.

മേലാംകോട്ടുയക്ഷി:—ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വലിയതുക ജീർണ്ണോദ്ധാരണത്തിനു് മാററിവച്ചിട്ടുള്ള വിവരം അറിയാം. പക്ഷെ അതും ഏതു വഴിയേ പോയി എന്നറിവില്ല.

ആകെ താറുമാറായി കിടക്കുന്ന നമ്മുടെ അന്തരീക്ഷം ഉടനെ സ്ഥായിരൂപംകൈക്കൊള്ളുവാൻ നമ്മുടെ നിർവികാരത്വവും, നിരായതത്വവും, മൗനസ്വഭാവവും ഉടനടി മാററിത്തുടങ്ങണം. "വായുള്ള പിള്ള പിഴക്കും" ഈയിടെ ഒന്നു രണ്ടു സംഗതികൾ എനിക്കറിവുണ്ടു്. ഒരു കാലത്തു ദേവസ്വം വളപ്പിനകത്തു് മത പ്രസംഗത്തിനുപോലും "ആന്റി ദേവസ്വം" എന്നു മുദ്രയടിച്ചു് നിഷേധിച്ചിരുന്ന മന്നത്തു പത്മനാഭപ്രഭൃതികൾ ഇന്നു് നമുക്കു് വിധിയെഴുതുവാൻ പേനയുമായി നില്ക്കുന്നു. അവരുടെ ഏതു സക്കലറും ലോകത്തിന്റെ നന്മക്കാണെന്നു വ്യാഖ്യാനിച്ചു് പല സ്വീകരണങ്ങളും മനുഷ്യർ കൊടുക്കുന്നു. ഇന്നാൾ അതായതു് കഴിഞ്ഞ അഷ്ടമിക്കു് വൈക്കത്തുപോയിരുന്നു. എന്റെ അപ്പാ! അവിടെ ബോർഡുകാരെ സ്വീകരിച്ച ഘോഷമൊന്നും പറയണ്ടാ. ഞാൻ അവിടെ ചെന്നിട്ടു് "ഒരു കപ്പു് രക്തം വേണമോ" എന്നു ചോദിക്കുവാൻപോലും ആരുമില്ല. അരിവയ്പുനിറുത്തിയാലും സദ്യ നടത്തുന്നതിലും, പലരും ബോർഡിനെ അഭിനന്ദിച്ചു പ്രസംഗിക്കുന്നു. ചില ദേവസ്വങ്ങളിൽ പക്ഷാഭേദംപോലെ നിവേദ്യം കുറവു ചെയ്തിട്ടില്ലാ. സദ്യനിറുത്തിയിട്ടില്ല: ആയതും ഉടൻ നിറുത്തുവാൻ ബോർഡംഗങ്ങൾക്കു് ഉപദേശം കൊടുക്കുന്നു. ഏതായാലും അവസാനം മന്നത്തു പത്മനാഭനു് ഒരു തടിയൻ ഹാരം. അമ്പേ! ആറടിനീളം എട്ടിഞ്ചു് പ

സന്ദർശിക്കുവിൻ! ആനന്ദിപ്പിൻ!!

ന്യൂ റെസ്റ്ററൻറ്

തമ്പാനൂർ, തിരുവനന്തപുരം.

ശുചിത്വമായ കാഫിയും ശാപ്പാട്ടും എപ്പോഴും തയാർ.

പ്രൊ: വി. ഭാസ്കരപിള്ള.

ററളവ്—13 അടി വ്യാസം അതും അണിഞ്ഞുകൊണ്ടയാൾ പോകുന്നു.

വാദ്ധ്യാർ:—ശരിയാണു്, കാപ്പികുടിയും, സ്വീകരണവുമായി അവർ നടക്കുകയാണു്. എന്തിനുവേണ്ടി? നമ്മെ പട്ടിണിയിടുന്നതിനു് ധൈര്യസമേതം കച്ച കെട്ടിയതിനു് ഒരു നേരംപോലും ഇത്ര ആഹാരത്തിനു് വകയില്ലാത്ത മനുഷ്യ കുഞ്ഞുങ്ങൾക്കു് പല ക്ഷേത്രങ്ങളിലും സദ്യമൂലം വല്ലതും കിട്ടുമായിരുന്നു. സാധുജന സംരക്ഷണത്തിനെന്ന വ്യാജേന ഭരണമേററ ഇവർ ആസംഗതി തന്നെ ആദ്യംനിറുത്തി.

പൊഴിക്കര ദേവൻ:—ഊട്ടതിലെല്ലാം കുറവു ചെയ്തു് അവർ വിദ്യാഭ്യാസത്തിനു കൊടുക്കുകയാണു്. അതും ഒരു നല്ല കാര്യമല്ലേ?

താണുമാലയൻ:—അഹോ! പാവം! വിദ്യാഭ്യാസം! ഹോമപ്പുരക്കൂടി പള്ളിക്കൂടമാക്കുന്നു പോലും. ഞാനൊരു ഉപദേശം ബോർഡിനു കൊടുക്കുവാൻ താല്പര്യപ്പെടുന്നു. കുറെ B. A. ക്കാരെ ഇവരുണ്ടാക്കിയാൽ അതിലെന്തു ലാഭം രാജ്യത്തിനുണ്ടാകും? ഒന്നുമില്ല. തൊഴിലില്ലായ്മ, നേരേ മറിച്ചു് ഒരു നേരത്തെ ആഹാരത്തിനുപോലുംവകയില്ലാതെ ജീവനു് മരുന്നൂട്ടുവാൻ ചാരിത്രത്തെ പണയംവച്ചു മധുരതെരുവിലും മററും ജീവിക്കുന്ന തിരുവിതാംകൂറിലെ ഹിന്ദു സ്ത്രീകളെ തേടിപ്പിടിച്ചു് അവരെ അതിൽനിന്നും മോചിപ്പിക്കുവാൻ ഈ പണം ചിലവാക്കിയാൽ എത്ര ഭേദമായിരിക്കും.

വൈക്കത്തപ്പൻ:—എന്തൊക്കെയോ ചില മാററങ്ങളും, മറിച്ചിലുകളും നമ്മെ അഭിമുഖീകരിക്കുന്നുണ്ടു്. അസഹനീയമായ ഈ പരിതസ്ഥിതിയിൽ ഇങ്ങനെ മുഴു പട്ടിണിയിൽ കഴിയുന്നതിൽ ഭേദം എല്ലാ ദേവന്മാരും, ദേവികളും ഉടനടി കമ്മ്യൂണിസത്തിൽ പേരെഴുതി ക്രിസ്തുമതം സ്വീകരിക്കതന്നെ വേണം. ആ മതത്തിൽ ഇത്ര കൊള്ളരുതായ്മ ചെയ്യുവാൻ ഒരു പുരോഹിതനും കച്ചകെട്ടുകില്ല. ഇന്നലെ യോഹന്നാൻ എന്നെ കണ്ടു. ഈ കാര്യം ഞാനദ്ദേഹത്തോടു പറഞ്ഞു. വേണ്ടതു ചെയ്യുവാൻ അദ്ദേഹം കാത്തിരിക്കുകയാണു്. നില്ക്കപൊറുതിയില്ലാത്ത ഈ കരിംകാലികളിൽനിന്നും രക്ഷനേടുവാൻ ഇതേ ഒരു വഴിയുള്ളു. അവിടെ ടി. എം. വറുഗീസും, മാമൻ മാപ്പിളയും നമുക്കാവശ്യമുള്ളതെല്ലാം തരാമെന്നു വാഗ്ദാനംവരെ ചെയ്തിരിക്കുകയാണു്.

നടയിൽ ചെണ്ട, കയ്മണി, ശംഖനാദം മുതലായവയുടെ ഘോഷംകേട്ടുതുടങ്ങി. എല്ലാപേരുടേയും ശ്രദ്ധ അങ്ങോട്ടുതിരിഞ്ഞു. ആംഗ്ലോ ഇൻഡ്യൻവനിതയെപ്പോലെ ഡ്രസ്സുചെയ്തു കയ്യിൽ ഒരു ഹാൻറു ബാഗുമായി മധുരമീനാക്ഷിയുടെ വരാവയിരുന്നു. ക്ലാസ്സിനകത്തു കടന്ന തോടുകൂടി എല്ലാപേരും ഉപചാരം നടത്തി അവരെ സ്വീകരിച്ചു ഉചിതാസനം കൊടുത്തിരുത്തി.

ആഗതയെ സൽക്കരിക്കാൻ എന്തെങ്കിലും തയ്യാറുണ്ടോ എന്നു നോക്കി. താണുമാലയൻ തൻെറ അടുത്തുള്ള വീട്ടിലേക്കു തിരിച്ചു. കലവറയിൽ എല്ലായിടത്തും തിരഞ്ഞു. ഒരു മുറി പഴംപോലുമില്ല. ഏഴെട്ടു കണ്ടി ചന്ദനതടി മാത്രം കിടക്കുന്നു. മടപ്പള്ളിയ്ക്കകത്തു കടന്നു. ഒരു പറുപോലുമില്ല. തേയ്ക്കാത്ത രണ്ടു ചെമ്പുമാത്രമേ അവിടെയുള്ളു. എന്തിനു്? അങ്ങു


## കുമാർകേഫ്

### പഞ്ചാപ്പുരമുക്ക്

### പാളയം, തിരുവനന്തപുരം

രുചികരമായ ആഹാരപാനീയ പദാർത്ഥങ്ങൾ വിദഗ്ദ്ധന്മാരായ പാചകക്കാരാൽ ആവശ്യാനുസരണം ചെയ്തു കൊടുക്കപ്പെടും. കൂടാതെ റൊട്ടികൾ, കേക്കുകൾ, ബിസ്കറുകൾ എപ്പോഴും തയ്യാർ.

പ്രൊ: എ. കുമാർ.

മിണ്ടാതിരുന്നു. ഒന്നുമേ ഇല്ല. നാണംകെട്ടുവിയത്തു. ടിയാൻ തിരിച്ചു വന്നു് രഹസ്യമായി പല ദേവന്മാരോടും കാര്യം പറഞ്ഞു. എല്ലാ പേരുമൊന്നു മഞ്ഞളിച്ചു. ഒടുവിൽ കുളത്തിലെ വെള്ളംകോരി കൊടുത്തു് മധുര മീനാക്ഷിയെ സൽക്കരിച്ചു. ക്ഷീണംതീർന്ന മധുരമീനാക്ഷി വന്ന കാര്യം പറവാൻതുടങ്ങി.

തിരുവിതാംകൂർ സഹോദരന്മാരെ, സഹോദരിമാരെ, ഏതോ, ഒരു വലിയ കലാപം ഇവിടെ നടക്കുന്നുണ്ടെന്നു് അറിഞ്ഞതു മുതൽ ഇങ്ങോട്ടൊന്നു വരണമെന്നു വിചാരിച്ചതാണു്. അതു് ഇന്നുമാത്രമേ സാദ്ധ്യമായുള്ളു. ഏതായാലും വളരെ സൗന്ദര്യമുള്ള മുഖങ്ങളാണു് ഇവിടെ കാണുന്നതു്. മററുള്ള നാട്ടിലെ ദേവന്മാരെക്കാളും പരിശുദ്ധത ഓരോരുത്തരുടേയും മുഖത്തു കാണുന്നുണ്ടു്. വക്ക്ലെ ജനാർദ്ദനൻെറ സൗന്ദര്യത്തെപ്പററി പലരും പറഞ്ഞു കേട്ടിട്ടുണ്ടു്. എങ്കിലും ദാരിദ്ര്യത്തിൻെറ ലക്ഷണം എല്ലാപേരുടേയും മുഖത്തു കാണുന്നതിൽ വ്യസനിക്കുന്നു. എല്ലാററിനും പോംവഴിയുണ്ടാക്കുവാൻ കാര്യപരിപാടി തയാറാക്കിയാണു് ഞാൻ ഇങ്ങോട്ടു വന്നിട്ടുള്ളതു്.

(ഹാൻഡ്, ബാഗു് തുറന്നു് ഒരു ചുരുൾ പനയോലക്കെട്ടു് അഴിച്ചു വായിക്കുന്നു)

i. എല്ലാപേരും കമ്മ്യൂണിസത്തിൽ ചേരുക.

ii. എല്ലാപേരും ക്രിസ്തുമതം സ്വീകരിക്കുക.

iii. കണ്ടിജൻസി ജീവനക്കാർക്കു് 20 രൂപാ ശമ്പളമാക്കുവാൻ ബഡ്ജററിൽ കൊള്ളിച്ച തുകയുടെ കണക്കു് ആഡിററു ചെയ്യുക.

iv. മന്ദത്തു പത്മനാഭൻെറ പിറകെ നടന്നു കൂകിവിളിക്കുവാൻ ഭൂതഗണങ്ങളെ അണിനിരത്തുക.

v. തീററവല്ലയേയും, അപസ്മാരത്തേയും ശ്മശാനകാളിയേയും മന്ദത്തു പത്മനാഭൻെറ മക്കളുടെമേൽ ബാധിക്കുവാനും തുടർന്നു വേണ്ടതു ചെയ്യുവാനും ശട്ടംകെട്ടുക.

vi. നിരീശ്വരനായ ശങ്കരനെ അമർത്തുവാൻ നന്ദീശ്വരനെ നിയോഗിക്കുക.

vii. വീരഭദ്രനേയും, കണ്ടാകർണ്ണനേയും, യോജിപ്പിച്ചു് ബോർഡംഗങ്ങളുടെ കുഡുംബം കുളംകോരുവാൻ കാലഭൈരവനെ അകമ്പടി ചേർത്തു ഉടൻ അയക്കുക

viii. ദേവയോഗം സിന്താബാദ്. ഇൻക്വിലാബ് സിന്താബാദ്.

എല്ലാപേരും ഒത്തുചേർന്നു മധുരമീനാക്ഷിക്കു് ജേ! മന്ദത്തു പത്മനാഭൻ go back എന്നു വിളിച്ചു. ശബ്ദം അന്തരീക്ഷത്തിൽ മാറെറാലി കൊണ്ടു.

അടുത്ത ക്ലാസ്സ് കൃതയുഗാരംഭത്തിൽകൂടി വേണ്ടതു ചെയ്യുവാൻ നിശ്ചയിച്ചു. കന്യാകുമാരിയുടെ ഡാൻസോടുകൂടി ക്ലാസ്സ് അവസാനിച്ചു.

ശുഭം


# M. A. M. ഹനീഫ & ബ്രദർ

**പാത്രവ്യാപാരം,**

**ചാല, തിരുവനന്തപുരം.**

കുടിൽ മുതൽ കൊട്ടാരംവരെ നിത്യ ഉപയോഗത്തിനുള്ള സകലതരം വെങ്കല പാത്രങ്ങളും ഉത്തരവാദിത്വത്തോടുകൂടി ഇവിടെ കിട്ടുന്നതാണു്. ആവശ്യക്കാർ ഞങ്ങളെ സമീപിക്കുവിൻ.

## ഹാൻഡ്ബാഗ്

(അശോകൻ)

എങ്ങനെയോ പ്രാണനാശം വന്ന ഒരു ഗോവിന്റെയോ വൃഷഭന്റെയോ അസ്ഥിപഞ്ജരത്തേയും മാംസപേശികളേയും പൊതിഞ്ഞു് പുറത്തു രോമകുപ്പായമിട്ടു് പുലിയീച്ച മുതലായ അതിഥികളെ വേണ്ടുംവണ്ണം സൽക്കരിച്ചു്, മുമ്പു് ആരുടേയും പ്രത്യേകശ്രദ്ധയ്ക്കു് വഴിപ്പെടാതെ കിടന്ന ഒരു തുകൽത്തുണ്ടിന്റെ അത്ഭുതകരമായ പുനർജ്ജന്മം! അതു് വിലകല്പിക്കാതെ, ആലോചനാവിഷയമാക്കാതെ തള്ളിക്കളയാവതല്ല.

ഏഴാം ക്ലാസുകാരികളായ പണ്ടത്തെ അദ്ധ്യാപികമാർ ചോററുപാത്രം തൂക്കിപ്പിടിച്ചു് വഴിയരികുചേർന്നു് ഗതാഗത നിയമങ്ങളെ അനുസരിച്ചു നടന്നു പോകുന്നതു് ഞാനും നിങ്ങളും കണ്ടിട്ടുണ്ടാവും. മാത്തൻ ജഡ്ജിയുടെയോ, പോത്തൻ മുൻസിഫിന്റെയോ വേലക്കാരൻ ചന്ത ദിവസങ്ങളിൽ തൈരുംപാള തൂക്കിപ്പിടിച്ചുകൊണ്ടു് ചന്തയിൽനിന്നും മടങ്ങുന്നതും സാധാരണ സംഭവമാണു്. ഏറെ നേരം പല്ലിന്റെ ഘലനം കൊണ്ടുമെന്നു തലയിലിരുന്ന കൊച്ചു പുട്ടിൽ ചുളിവു നിവർത്തു കൈയ്യിൽ പിടിച്ചു കൊണ്ടു് രാത്രിയെ പേടിച്ചെന്നോണം നടത്തത്തിന്റെയും ഓട്ടത്തിന്റെയും ഇടനില അവലംബിച്ചു ചരിക്കുന്ന ചെറുമത്തരുണിയും ദൃഷ്ടിയിൽപ്പെട്ടു കാണും. നിങ്ങൾ അങ്ങോട്ടു് ഒന്നു നോക്കണം. ആ ബി. എ. ക്കാരിയുടെ വെള്ളിവളയിട്ട ചുള്ളിക്കൈയിൽ കടിച്ചു തൂങ്ങുന്ന വാവലിനെ! അതു ആവശ്യമാണോ, അലങ്കാരമാണോ? ആവോ, ജഗദീശ്വരനറിയാം.

ഹാൻഡ്ബാഗ് എന്നാണത്രേ അതിന്റെ പേരു. ചുവട്ടിൽ വീതികൂടി മേൽപോട്ടു വരുന്തോറും ചുരുങ്ങിയ ചരടോടുകൂടിയ ഒരു സഞ്ചിയാണു് ഈ ഇംഗ്ലീഷ് നാമംകൊണ്ടു വ്യവഹരിക്കപ്പെടുന്ന നവീന സാധനം. തൂക്കിപ്പിടിച്ചുകൊണ്ടു നടക്കുന്ന ഈ ഹാൻഡ്ബാഗ് തെമ്മാടി ചിലപ്പോൾ മാറിനോടു ചേരാറുണ്ടു്, പുസ്തകം പിടിച്ചു വളരെക്കാലമായി പരിശീലിച്ചു കൈയ്യിൽ ഒന്നുമില്ലാതെ നടക്കുന്നതു കൊണ്ടുള്ള വല്ലായ്മ ഈ ഹാൻഡ്ബാഗ് ഒട്ടു തീർക്കുമത്രേ.

ലോകത്തിൽ ഇനിയും കണ്ടുപിടിക്കപ്പെടേണ്ടുന്ന പലതിന്റെയും കൂട്ടത്തിൽ ഉൾപ്പെടുന്ന ഒരു വിഷയമാണു് ഹാൻഡ്ബാഗിലെ ഉള്ളടക്കം. നമ്മുടെ നാട്ടിലെ ഒരു ചെറുപ്പക്കാരനെങ്കിലും, ഹാൻഡ്ബാഗിലെ ഉള്ളടക്കത്തെപ്പററി ഒരു ഗവേഷണം നടത്തുവാൻ ധൈര്യപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. തീർച്ചയായും പണ്ടത്തെ മുറുക്കാൻ വട്ടിയുടെ ഉപയോഗമല്ല അതിനുള്ളതു്. എന്റെ ഒരു സ്നേഹിതൻ വളരെ വിഷാദത്തോടെ എന്നോടു പറഞ്ഞു:—കേട്ടോ, മിസ്റ്റർ, ഞാൻ വളരെ ശ്രമിച്ചു നോക്കി, പലവട്ടം വൈഫിനോടും നേരിട്ടു ചോദിച്ചു. അവൾ കൊണ്ടു നടക്കുന്ന ഹാൻഡ്ബാഗിൽ എന്താണുള്ളതെന്നു് പറഞ്ഞില്ല. സൂത്രത്തിൽ തട്ടിയെടുക്കാൻ നോക്കി അതും ഫലിച്ചില്ല. ഒരു ബി. ഏ. ക്കാരിയുടെ പ്രാണനാഥനാണു് എന്റെ സ്നേഹിതൻ. എനിക്കു് ഉടൻ ഒരു സംഗതി മനസ്സിലുദിച്ചു. ജീവിതം പങ്കിട്ടെടുത്തിരിക്കുന്ന ഭർത്താവിനെപ്പോലും അറിയിക്കാൻപാടില്ലാത്ത ഹാൻഡ്ബാഗിലെ ഉള്ളടക്കം ഏതാനും പ്രേമലേഖനങ്ങളും, പണ്ടത്തെ ചില പ്രാണനാഥന്മാരുടെ ചിത്രങ്ങളുമായിരിക്കുകയില്ലേ എന്നു് പക്ഷേ ഞാൻ അതു് അയാളോടു പറഞ്ഞില്ല. ഞാൻ മൂലം ആ ദാമ്പത്യബന്ധം എന്തിനു് ശിഥിലമാക്കുന്നു? ഏതായാലും അഞ്ചെട്ടു ഹെയർപിന്നും, നല്ല കുപ്പിവളകണ്ടാൽ വാങ്ങുവാൻ എട്ടണയുടെ ചില്ലറയും, ഒരുപോക്കററു കണ്ണാടിയും ചീപ്പും, ഒരു ചെറിയപൊതി കുട്ടിക്കൂറാപൗഡറും, കുറെ എഴുത്തുകളും അല്ലാതെ അതിൽ മറെറന്താണു കാണുക!

വൈദ്യൻ കണിയാന്റെ കൈയ്യിൽ പണ്ടത്തെ ഗുളിക ചെല്ലത്തിനുപകരം ഹാൻഡ്ബാഗ് ചെന്നുവശായി. ലലനാമണികളുടെ കൈയിലും അതു പററിക്കൂടി. മുമ്പു് കംലിൽ തുകൽകൊണ്ടുള്ള ചെരിപ്പുകൾ ധരിക്കുമായിരുന്നു. ഇപ്പോൾ കൈയിലും തുകലായി. ഇന്നു് മുഖ

## "ഹിതപരിശോധന"

(അഭിനയഗാനം)

ഒരൊററമനമുണ്ട് എന്ന രീതി.

(പി. വി. പാണ്ടനാടൻ)

(മന്ത്രിസഭാക്ലാസിലെ 5 വിദ്യാർത്ഥികൾ നിരന്നിരിക്കുന്നു. മോനിട്ടർ അണിയറയിൽനിന്നും പ്രവേശിച്ചു്)

മോണിട്ടർ ഇരിക്കുന്ന വിദ്യാർത്ഥികളെ ചൂണ്ടി:—

മന്ത്രികൾ തൻസഭ തകന്നിതെന്നാൽ മാളികവിട്ടെന്നാൽ പറയുക, പറയുക, പിന്നീടെന്തൊരു തൊഴിൽക്കു പോകും നീ?

ഒന്നാംകുട്ടി എഴുന്നേററു്.

പറവൂർപോകും മാമകമാളിക തന്നിൽവസിച്ചീടും കുറച്ചുനാൾ ഞാൻ "റെസ്റ്റെ"ടുക്കും. "സ്ററഡികൾ" തുടന്നീടും. അറച്ചിടാതെ പട്ടത്തെ ഞാൻ ഗുരുവായ് നേടീടും, മറിച്ചിടും ഞാൻ എന്നെക്കൂടാതുള്ളൊരു മന്ത്രിസഭ.

രണ്ടാംകുട്ടി.

രാഷ്ട്രീയതത്വം നാട്ടകാക്കേതാൻ മൈതാനം തോറും "ഷോട്ടാ" നേതൃജനത്തെക്കൂട്ടം "മണ്ഡല"മുണ്ടാക്കും ഇടയ്ക്കിടച്ചില "ക്ലിക്കുകൾ" കാട്ടാൻ മടിക്കുകില്ലൊട്ടും ഉടച്ചിടും ഞാൻ എന്നെ.........................

മൂന്നാംകുട്ടി.

മാർദ്ദവമില്ലാ മനസ്സുനാം ഞാൻ കഷണ്ടി കാട്ടാതെ ആർജ്ജിച്ചുള്ളൊരു പച്ചനോട്ടുകൾ ശരിക്കുണങ്ങുമ്പോൾ ഊർജ്ജിതമോടിഹ "യൊപ്പു"പിടിക്കാൻ ചിലരങ്ങെത്തീടിൽ മർദ്ദിക്കും ഞാൻ.........................

നാലാംകുട്ടി അലർച്ച സ്വരത്തിൽ.

ഭേഷായ്! പിററിയെത്തീടും, ചില കൊലവിളിയുണ്ടാകും "ഫാഷനബിൾ പ്ലയി"നേറാനാക്കും മണിയിനി നൾകീടാഘോഷത്തോടിഹ കുമ്പളമെത്തും ഭാഷണവും തുടരും ശേഷിക്കും ഹാ എന്നെ ....................

അഞ്ചാംകുട്ടി ദീനസ്വരത്തിൽ.

മണിമാളിക ഞാൻ വിട്ടെന്നാകിൽ തീത്ഥകടനായി പല്ലനയെത്തും പട്ടർദേഷി കുലത്തിൽ വീരൻ ഞാൻ ഭസ്മമെട്ടത്തിഹ തുള്ളും കുമ്പളമെന്നിൽ കനിയുകിലോ ഭസ്മമതാക്കും എന്നെക്കൂടാതുള്ളൊരു മന്ത്രിസഭ.

(പുരികം വളച്ചുകൊണ്ടു് മോണിട്ടർ പോകുന്നു.)

(കുട്ടികൾ അഞ്ചുപേരുംകൂടി ഉച്ചത്തിൽ)

മന്ത്രികൾ തൻസഭ തകത്തിതെങ്കിൽ മാളികവിട്ടെങ്കിൽ തകക്കണം നാം, നമ്മെക്കൂടാതുള്ളൊരു മന്ത്രിസഭ.

എല്ലാവരും പോകുന്നു.

---

ത്തുക്കൂടി ഇതു സ്ഥലം പിടിക്കുമോ എന്നു കണ്ടുതന്നെ അറിയണം. കൈയിൽ കരവാളും ധരിച്ചിരുന്ന കേരളത്തിലെ ഉണ്ണിയാർച്ചമാർ— അവരെത്തുടന്നു് മരക്കയിലും ചിരട്ടക്കയിലും കരാലങ്കാരമാക്കിയ നമ്മുടെ അടുക്കളപ്പെണ്ണുങ്ങൾ— അതുംകഴിഞ്ഞു് നോവലേന്തിയ, കരിപററാത്ത, തഴമ്പില്ലാത്ത, കാണാൻമാത്രം കൊള്ളാവുന്ന ശൃംഗാരചൊടിപ്പുകളുടെ പല്ലവപാണികൾ, അക്കാലവും കഴിഞ്ഞു! കാലം മാറി മാറി വരുന്നു. ഇപ്പോൾ കേരളാംഗനമാരുടെ കരങ്ങളെ അലങ്കരിക്കുന്നതു് തുകൽ സഞ്ചിയായി:—ഈശ്വരോ രക്ഷതു!


### കൊളമ്പിയാ റെസ്റ്റാറൻറ്

ജനറൽ ആശുപത്രിമുക്ക്

തിരുവനന്തപുരം.

സുഖകരമായ ഭക്ഷണം! മിതമായ ചാർജ്ജ്!

ഈ സ്ഥാപനത്തിൽ ഐസ്ക്രീം, ഫ്രൂട്ട്, ഫ്രൂട്ട്സാലാഡു്, സ്വീററ്, ബദാംഗിർ, കാഫി, ഓവൽ, കൊക്കോ, ഓട്ട്സ്, ചായ, ബിരിയാണി, മുതലായവ, എപ്പോഴും തയ്യാർ.

പ്രൊ: B. M. ഫെർണാൻറിസ്

# കൈരളിയും ഭാരതിയും

(കവിത)

(പി. മുത്തുനേശൻ)

കൈരളി:—ഭാരതി നീ, ചൊല്ലുകയി ഭാരതത്തെയിത്ര ഭാസുരമതാക്കിയ വൻനേതൃത്വമതെന്നും, പാരതന്ത്ര്യം പൊട്ടിച്ചൊരു മന്ത്രമേതാണെന്നും, നേരിലവൻ മർത്ത്യനാണോ കൽക്കിയാണോയെന്നും?

ഭാരതി:—കൈരളി നീ! ഓർക്കുന്നില്ലേ. ഐക്യതയില്ലാത്ത-വൈരവന്മാരന്നു നമ്മെ വാണിരുന്ന കാലം? കച്ചവടം ചെയ്തു ജീവരക്ഷനേടാൻ മാത്രം പശ്ചിമത്തിൽ നിന്നു ചില കൊക്കുകളിറങ്ങി നമ്മിലുള്ള ബുദ്ധിമോശം കണ്ട ജംബുകന്മാർ, തമ്മിൽതല്ലിച്ചല്ലേ രാജ്യം കൈക്കലാക്കിയെല്ലേ. അന്നു നമ്മെ ബന്ധിച്ചൊരു പാരതന്ത്ര്യത്തന്ത്രി-യിന്നഴിച്ചു മാററിയതും നമ്മുടെയി, പുത്രൻ, അന്നടിയൊന്നാഫ്രിക്കയിൽ വച്ചു കൊൾക മൂലം സ്വതന്ത്രഭൂമിക്കായിരണമാടുവാൻ മുതിർന്നു. "സത്യാഗ്രഹ"മെന്ന ചതുരക്ഷരത്തിൻ മന്ത്രം കൃത്യനിഷ്ഠനായ 'ഗാന്ധി'യുച്ചരിച്ചു നിത്യം നിത്യനേതാവായ വന്ദ്യൻ കൽക്കിദേവൻ തന്നെ പുണ്യപുമാൻ മന്ദഹാസം കൊണ്ടു ജയം നേടി.

കൈ:—കൽക്കിയാണോ, ഗാന്ധിയെങ്കിലെങ്ങു കൊല്ലും മർത്ത്യൻ ഖഡ്ഗം കയ്യിൽ കാൺകില്ലേ സംഗരമാടീടാൻ?

ഭാ:—കൃഷ്ണദേവനന്നു വേടസായകത്താലല്ലേ-വിഷ്ണുലോകമെത്തിയെന്നു കേട്ടിരിക്കുകില്ലേ? വിശ്വരക്ഷ ചെയ്യുവാനാ മർത്ത്യനായ് ജനിച്ചൊരേശുവിനെപ്പോലന്നു ക്രൂശിച്ചല്ലേ കൊന്നു? രാമചന്ദ്രനാത്മഹത്യ ചെയ്തു സ്വർഗ്ഗമെത്തി ഭൂമിയിലവതരിച്ചാൽ മൃത്യുവുണ്ടൊരിക്കൽ "നാഥുറാം നായക്കാ"യ വേടനൊരു ഗോലി-യതമനാം ഗാന്ധിക്കേകി നിത്യനിദ്രയ്ക്കാഴ്ത്തി വക്രന്മാരെ വെല്ലുവാനുതു വിക്രമത്താലല്ല-നക്രമരാഹിത്യമാണു ഖഡ്ഗമവന്നാഹ

കൈരളി:—വീരനായ ബാപ്പുപാരാതയ്യെന്നേയുമായി-ധീരധീരം പോരുചെയ്തു പാരതന്ത്ര്യം നീക്കാൻ ഭാരതീയ വീരപുത്രനെങ്ങുപോയിതിപ്പോൾ പാരമെനിക്കുള്ളിലാശയുണ്ടവനെ കാണ്മാൻ.

ഭാരതി:—സോദരി, നീ കേണിടേണ്ട പാരിലവൻ വീണ്ടും സോദരമാരൊടെ വന്നു നമ്മെയാശ്വസിപ്പിച്ചീടും അതുവരേക്കുമന്നവനെ ഭാരതീയമക്കൾ സാദരം നാം കാത്തുനില്പ്പാം സോദരീ വാ പോകാം.


## എം. വി. ആശുപത്രി

ആററിങ്ങൽ.

രോഗികൾക്ക് ആശ്വാസകരമായ എല്ലാവിധ ചികിത്സകളും ഇവിടെ ചെയ്യുന്നുണ്ട്.

സന്ദർശിക്കുക!! പി. മാധവൻ വൈദ്യൻ.

## ശ്രീ. കെ. എ. ഗംഗാധരമേനോൻ

അറേറാർണി ജനറലായിരുന്ന മി: ഗംഗാധരമേനോനെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചിരിക്കുന്നതിൽ ഞങ്ങൾ ഗവമ്മെണ്ടിനെ അനുമോദിച്ചുകൊള്ളുന്നു. ഒന്നാംതരം ഒരു അഭിഭാഷകൻ, തികഞ്ഞ രാജ്യസ്നേഹി, സൽസ്വഭാവി, ത്യാഗസമ്പന്നൻ എന്നീ ഗുണങ്ങളാണ് അദ്ദേഹത്തെ ഈ ഉന്നതനിലയിൽ എത്തിച്ചതെന്നു് തീർത്തുപറയുവാൻ കഴിയും. മി: മേനോൻെറ നിയമനക്കാര്യം പുറത്തായതോടുകൂടി പാർട്ടിക്കകത്തും പുറത്തും ചില കോളിളക്കങ്ങൾ ഉണ്ടായതായും ചീഫ്മിനിസ്ററരുടെ തക്ക സമാധാനത്തിൽ ആയവ അമർന്നുപോയതായും പത്രങ്ങളിൽ കാണുകയുണ്ടായി. നിയമസഭാംഗങ്ങളെ ഉദ്യോഗസ്ഥന്മാരായി അയക്കുന്ന നശിച്ച പാരമ്പര്യം നിലനിത്തുന്നതു ഭംഗിയല്ലാ എന്നാണു വാദമുഖം. ശരി, നല്ലതുതന്നെ എന്നാൽ ഇതിനുമുമ്പു് കാൺഗ്രസ്സ ഗവമ്മെണ്ടു തന്നെ ഇപ്രകാരം ഒരു നിയമനം നടത്തിയ സമയത്തു് അതിനു യാതൊരു എതിർശബ്ദവും പുറപ്പെട്ടതായി കേട്ടില്ല—എംപിള്ളയല്ലവാ—അതായിരിക്കാം ആ ന്യായം. സ്റ്റേററകാൺഗ്രസ്സിൻെറ പ്രാരംഭകാലത്തു് ധാരാളം കേസുള്ളവരും പേരും പെരുമയും സിദ്ധിച്ചവരുമായ പലഅഭിലാഷകന്മാരും കാൺഗ്രസ്സിൽ ചേന്നു എങ്കിലും സർ. സി. പി. യുടെ വാലാട്ടികളായി കാൺഗ്രസ്സിൽനിന്നും അന്തർദ്ധാനം ചെയ്യുകയാണുണ്ടായതു്. മി: മേനോനാകട്ടെ ആരംഭം മുതൽ അവസാനംവരെ വീറോടും വൈരാഗ്യത്തോടും പല ത്യാഗങ്ങളും സഹിച്ചു്—ഹൈക്കോടതിയിൽ ഉണ്ടായിരുന്ന അനവധി കേസുകളെ തൃണസമാനം വലിച്ചെറിഞ്ഞു്—രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി സമരംചെയ്യുകയാണുണ്ടായതു്. മി: മേനോൻെറ ഈ ദേശസേവനങ്ങളെ സമാദരിച്ചു അദ്ദേഹത്തിൻെറ സ്വഭാവമഹിമയെ പുരസ്കരിച്ചും മാത്രമാണ് ഇന്നത്തെ ഗവമ്മെണ്ടു് ഈ നിയമനം നടത്തിയതു് എന്നുമാത്രമേ ഇതിനർത്ഥമുള്ളു. ആരെപ്പററിയും എന്തും എപ്പോഴും അപവാദവും അയഥാത്ഥവും ആയ സംഗതികൾ പറഞ്ഞു പരത്തുന്ന സമ്പ്രദായമാണിവിടെയുള്ളതു്. മി: മേനോനെപ്പററി പ്രചരിപ്പിക്കുന്നതിലും അത്രമാത്രമേ അർത്ഥമാക്കേണ്ടതുള്ളു. സ്വഭാവശുദ്ധിയും, ആദർശശുദ്ധിയും, സത്യസന്ധതയുമുള്ള ഒരു ന്യായാധിപനെന്ന നിലയിൽ മി: മേനോൻ നമ്മുടെ ഹൈക്കോടതിയുടെ അന്തസ്സിനെ പാലിച്ചുകൊണ്ടു് നീണാൾ വിജയിക്കുമാറാകട്ടെ.


## രൂപാ ആവശ്യമുണ്ടോ?

കെട്ടിട നിമ്മാണത്തിനും, വസ്തുവകകൾ വാങ്ങാനും, മററു ധനസഹായം ചെയ്യുന്ന ഞങ്ങളുടെ സ്ഥാപനത്തിൽ ഓരോരുത്തരും അംഗങ്ങളായി ചേരുക.

N. B. L. G. C. ചിറയിൻകീഴ് നെടുമങ്ങാട്ട് ഈ താലൂക്കുകളിൽ പല ഭാഗങ്ങളിലേക്കും ഏജൻറന്മാരെ ആവശ്യമുണ്ട്.

താലൂക്ക് ഡിക്രട്ടറി ഈ. അമ്പയ്യാ
ആൾ ഇൻഡ്യാ ബിൽഡിംഗ് &
ലാൻറിംഗ് എയിഡ് സവ്വീസ്
ആററിങ്ങൽ

## കൈപ്പററി

ദക്ഷിണഭാരതി, നവശക്തി, ധർമ്മദേശം, ചിത്രദേശം, ആശാൻ, രാജ്യശ്രീ, ജനയുഗം; എന്നീ വാരികകളും, സ്വാതന്ത്ര്യദേശം, ഓമന, എന്നീ പ്രതിപക്ഷപത്രികകളും, സരസൻ, നമ്മദപൗരൻ, വിജയഭാനു, ചിത്രഭാനു, വിനോദിനി, സുഹൃത്ത്, വിദൂഷകൻ, സരോജം, വികടൻ, ചിത്രാരാമം, വിദ്യാഭിവർദ്ധിനി, കലാനിധി, നാരദർ, യുവസരസ്സൻ, രസികൻ, എന്നീ മാസികകളും മാററത്തിനു അയച്ചു തന്നതു കയ്പ്പററി വിജയമാശംസിച്ചു കൊള്ളുന്നു.

## നാട്ടുവർത്തമാനങ്ങൾ

തിരുവനന്തപുരം:— രജിസ്ട്രേഷൻ ഡയറക്ടറാഫീസിൽ കൃത്യനിഷ്ഠയോടും ചുമതലബോധത്തോടുംകൂടി ജോലി നോക്കിവന്ന ഏതാനും പേരെ പലസ്ഥലങ്ങളിലേക്കും സ്ഥലംമാററിയിട്ടും, ഇപ്പോൾ ചില വർഗ്ഗീയവാദികളെക്കൊണ്ടു നിറച്ചിരിക്കുന്നതായി ഒരു സംസാരബഹളം കിള്ളിപ്പാലം സബ്ബ്‌രജി: കച്ചേരിക്കു മുൻവശം മി. എൻ. കൃഷ്ണപിള്ളയുടെ മേൽ നോട്ടത്തിൽ നവീന ഉപകരണങ്ങളോടുകൂടി ഒരു ററീഷാപ്പ് നടത്തിവരുന്നു. ചാലയിൽ നാനാ ജാതിക്കാർക്കും ഒന്നുപോലെ വിതരണം നടത്തുന്ന ഒരു പാത്രക്കച്ചവടക്കാരന്റെ കുസൃതി സമ്പ്രദായം അന്വേഷണത്തിൽ; പഴവങ്ങാടിതോപ്പിനകത്ത് മോഷണം നടക്കുന്നില്ല. കുമാർ കേഫ്സിററിയിലെ ഒരു മഹൽ സ്ഥാപനമാണു്; ശംഖുമുഖം ടൈററാനിക്ക് കമ്പനിയിൽ ഹിന്ദുക്കളുടെ അപേക്ഷ ചെന്നാൽ ചവററുകുട്ടയിൽ നിക്ഷേപിക്കുന്നതും നക്കാപിച്ചാ കിട്ടുകയാണെങ്കിൽ കാര്യം ശരിപ്പെടുത്തി കളയാമെന്നു ഏൾക്കുന്ന രണ്ടു കൃസ്ത്യൻക്ലാർക്കുമാരുടെ രഹസ്യം വഴിയേ; പേട്ടക്കടുത്ത മി: രാഘവപ്പണിക്കരുടെ വസന്താടെക്സ്റ്റയിലിനോടുകൂടി ചേർത്ത് നടത്തുന്ന റെസ്റ്റാറന്റ് പുരോഗതിയിൽ തന്നെ; "ചന്ദ്രിക" വിലാസം റെസ്റ്റാറന്റു് ശ്രീ. കുരുപ്പിന്റെ ചുമതലയിൽ പൊടിപൊടിക്കുന്നു; പ്രദർശനശാലിലെ സ്റ്റാളിനുവേണ്ടി ലേലം ചെയ്യിക്കാൻ ശ്രമിച്ച ഒരു അമുക്കാർ മുതലാളിയുടെ പാത്രക്കച്ചവട രഹസ്യം വളരെ രസകരമുള്ളതാണു; കണ്ണാശുപത്രിയിലെ ജോലിക്കാർക്ക് വികടകേസരി വായിക്കരുതെന്നു കർശനഉത്തരവുകൊടുത്ത പുള്ളിയേ നോട്ടമിട്ടിട്ടുണ്ടു്.

കൊല്ലം:—തൊഴിലില്ലാ പ്രാക്കളും നേതാവ് പലരോടും പലതും ആവശ്യപ്പെട്ടുവരുന്നതായും കൊടുത്തില്ലെങ്കിൽ പേപ്പറിൽ കയററിക്കളയുമെന്നു് ഭീഷണിപ്പെടുത്തി വരുന്നതായും അതലേക്കു ചില മാസികാധിപന്മാരെക്കൊണ്ടു ചില കുപ്രചരണം ചെയ്യിച്ചുവരുന്നതായും ഒരു പരാതി ഉത്ഭവിച്ചിരിക്കുന്നുപോൽ; ഹിമാലയൻ ബേക്കറിയിൽ വേനൽകാലത്തേക്കു പററിയതും ഒരു ചക്രം രണ്ടു ചക്രം വിലയുള്ളതുമായ ഐസ് മിട്ടായി നിർമിച്ച് വിതരണം നടത്തിവരുന്നു; ഉടുപ്പിപോററിയോടുചേർന്ന് ഒരു ലബ്ബപോററി കൂടിയുണ്ടെന്നു പറയുന്നതു് വാസ്തവമാണോ! വലിയ കടയിൽ മി. ഗോപിനാഥപിള്ളയുടെ ഏ. ലൈസൻസ്സ് പുകയിലക്കട ഭംഗിയായും ന്യായമായും നടന്നുവരുന്നു; ചിന്നക്കടഭാഗത്തു് ഒരു പബ്ളിക് ക്ലബ്ബിന്റെ അഭാവംമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന സങ്കടം ചില്ലറയല്ലെന്നു് അധികൃതർ അറിഞ്ഞാൽ കൊള്ളാം. ററൗൺ സർവീസ്സ് സുപ്രവൈസറുടെ സെക്കന്റുസീററിലെ ടിക്കററു പരിശോധനയും കണ്ടക്ടറന്മാരോടുള്ള പെരുമാററവും അന്വേഷണത്തിൽ; താലൂക്കു കച്ചേരിക്കുസമീപം അന്നപൂർണ്ണാലയം ബ്രാഞ്ചു് കിടന്നിരുന്ന കെട്ടിടത്തിൽ ററൗൺ ജാളി ഹോട്ടൽ മാററിസ്ഥാപിച്ചിരിക്കുന്നു; ഷൺമുഖവിലാസം മുതലാളിയെ ചുററി ഒരനന്തൻ സ്ഥിതിചെയ്യുന്നതായും മററും റിപ്പോർട്ടു കിട്ടിയിരിക്കുന്നു. ബോട്ടുകടവിൽ പട്ടകടവ് പട്ടയടിയായി മാറുന്നതിൽ, യാത്രക്കാർക്ക് പല സംശയങ്ങളും ഉണ്ടാകുന്നതായി അറിയുന്നു.

എരുമേലി:—ഒരു കണ്ണാടി എൻ. വി. ജോസഫിൻെറ റേഷൻ വിതരണം മുഴുവൻ കരിംചന്തവഴിയാണോ? ചങ്ങനാശ്ശേരിയിലെ സ്റ്റേററുമെൻറു കുഴപ്പവുംബഹളങ്ങളും അടുത്തതിൽ ശ്രീ. കെ. ജി. രാഘവൻനായരുടെ വൈദ്യശാലക്കു നല്ല ഭാവിയുണ്ടു്. ബ്ളാക്കമാക്കററു ചുരുങ്ങിയതോതിൽ ആവശ്യമുള്ളവർ റേഷൻ ഡിപ്പോ നാരായണപിള്ളയേ സമീപിക്കുക. ഹംസ്സാക്കുട്ടിയും രഹസ്യങ്ങളുംഅന്വേഷണത്തിൽ മി. ഹസ്സൻറാവുത്തരുടെ ജനറൽ മർച്ചൻറും മുസ്തഫാറാവുത്തരുടെ ററീഷാപ്പും മേൽക്കു മേൽ അഭിവൃദ്ധിയിൽ.

ആറന്മുള:-പടിഞ്ഞാറേ നടയിൽ ഒരുയക്ഷിയുടെ വെളിച്ചപ്പാടു അടിക്കടി ഉണ്ടുപോലും; കിഴക്കേനടയിൽ ശ്രീ. ആർ. എൻ. പൈയുടെ ജനറൽ മർച്ചൻറിനു് സുശോഭനമായ ഭാവിയുണ്ടു്. ഒരു വിനോദ മാസികയുടെ പത്രാധിപർ ചിങ്ങമാസത്തിൽ വരി സംഖ്യയും പിരിച്ചിട്ടു് ഇതുവരെയും ഒരു മാസികപോലും അയക്കാതെ പടത്തിൽ കഴിച്ചുകൂട്ടുന്നതായി ഒരു ബഹളം; എൻ ആർ. കെ. പിള്ളയും രഹസ്യങ്ങളും കച്ചവടവും അടുത്തതിൽ.

ചെങ്ങന്നൂർ:-ഒരുവിനോദമാസികയുടെ എഡിററർ പണങ്ങളും പിരിച്ചിട്ടു് മാസിക അയയ്ക്കാതെ ഒളിച്ചു നടക്കുന്നുപോലും; ട്രാൻസ്പോർട്ടു് സ്റ്റാൻഡിൽ ധനലക്ഷ്മി വിലാസം ബ്രാഹ്മിൻസു് കാഫി ഹോട്ടൽ ഒരു സ്ഥാപനമാണു്.

വക്കലെ:-ആധാരം ധാരാളം ഉണ്ടെങ്കിലും ഒന്നു കിട്ടാൻ വശമില്ലെന്നുള്ള ഒരുസംസ്സരബഹള സരണി വികടകേസരിയും അറിഞ്ഞുവരുന്നു. കൂടുതൽ വിവരം അന്വേഷണത്തിൽ.

ഓച്ചിറ:-പരബ്രഹ്മോദയ ഭരണസമതി കിഴക്കേനടയിൽ വരവു് ചുരുക്കമാണെന്നു് സെക്രട്ടറിപറയുന്നതിൽ ചില രഹസ്യങ്ങളുണ്ടെന്നു.കൃഷ്ണപുരംമുക്കിൽഒരു സംസ്സാരം നടക്കുന്നതായി അറിയുന്നു. ശ്രീ. S. കേശവൻ വൈദ്യരുടെ സക്കാർ വൈദ്യശാല രോഗികളുടെ സ്വർഗ്ഗലോകം തീന്നെന്നു് തീർത്തുപറയേണ്ടിരിക്കുന്നു.

കരിന്നംകുളം:-വലിയ കുളത്തിൻെറ ദയനീയമായ നില ചുമതലയുള്ളവർ ഗൗനിച്ചാൽ കൊള്ളാം. ശ്രീ. പത്മനാഭപിള്ളയുടെ റേഷൻ വിതരണം തൃപ്തികരം.

മുരുക്കുംപുഴ:—ജീപ്പിൽ കൊല്ലത്തു പോയ മാന്യനും കുഴപ്പങ്ങളും പുക്കററിംഗ് പേഷ്കാരായത്തും കശപിശയും സ്ഥലവാസികളും അല്പസ്വല്പം അറിഞ്ഞോ! റൗഡി ശല്യംനിമിത്തം സാധുക്കൾക്കു് ജീവിച്ചു കൂടാ. മി. ശ്രീധരൻെറ പുകയില ബി-യിൽ ഒന്നാംതരം പുകയിലകളും മററും മിതമായ വിലക്കു കിട്ടുന്നതാണു്. "യാചകി"യും പുനരങ്ങനെ തന്നെ.

കണിയാപുരം:-ഒരു ഡാക്കുരുടെ എടാകൂടാവഴികൾ വരുന്നു. വേനൽ കാലത്തു് യാത്രചെയ്തു വരുന്ന ജനങ്ങൾക്കു് ക്ഷീണം മാററി പോകുന്നതിനു് ശ്രീ. ഇസ്മായിൽപിള്ള ലബ്ബയുടെ വകയായി അദ്ദേഹത്തിൻെറ ഹോംസെയിലിനു മുന്നിൽ ഒരു പുരകെട്ടി ഇട്ടിരിക്കുന്നതിൽ നാട്ടുകാരുടെ അകം അഴിഞ്ഞ ആശംസ.

കഴക്കൂട്ടം:-റോഡു് അരികിൽ സൈക്കിൾവച്ചു പോയെങ്കിൽ ആന റാഞ്ചുംപോലും. പോ; ഇൻസ്പെക്ടർ മി. ദേവരാജൻ ഒരു സമാധാന പാലകനാണെന്നു് നാട്ടുകാർ പറയുന്നു. സബ് രജിസ്ട്രാർക്കു് വികടകേസരിയെ കാണുമ്പോൾ ഒരു ഇതു്.

വാമനപുരം:—മെഡിക്കൽ സെക്ഷൻ പുരോഗതിയിൽ. ആധാരം ഒന്നേയുള്ളുവെങ്കിലും സമയം തികയാതെ വരുന്നതു് രജിസ്ട്രാരുടെ വേഗതകൊണ്ടോ കക്ഷികളുടെ ഗ്രഹപ്പിഴകൊണ്ടോ എന്നു നിശ്ചയമില്ലെന്നു ഒരു സംസ്സാരബഹളം.

**മോഡേൺകഫേ**

സ്റ്റേററു ട്രാൻസ്പോർട്ടാഫീസു്

കൊല്ലം.

ശുചിയും രുചിയുമായ ആഹാരത്തിനും, സുഖമായി താമസിക്കുന്നതിനും പററിയ ഒന്നാന്തരം സ്ഥാപനം.

മേലാററ മൂഴിയിൽ ഒരു സാധു കുടുംബത്തെ ചിലർകൂടി വഴി പിഴപ്പിക്കാൻ ശ്രമിച്ചുവരുന്ന രഹസ്യം അന്വേഷണത്തിൽ,

തോന്നക്കൽ:-കടവൂർ ഗ്രാമത്തിലേക്കുള്ള റോഡിൽ പൊളിഞ്ഞു കിടക്കുന്ന പാലത്തിനെപ്പററി ഗൗനിക്കാത്തതു് പരിതാപകരംതന്നെ.

നിലമേൽ:-കേരളാഹോട്ടലിലെ സപ്ലൈകാരൻെറ വഷളത്തരം മാനേജർ നേരിട്ടു് അന്വേഷിച്ചാൽ കൊള്ളാം.

ചിതറ:-ഒരു വീട്ടിലെ പൂച്ചക്കുട്ടി പശുവിനെപ്പററവും ഒടുവിൽ അവകാശിക്കു് പശുവിനെ മടക്കിക്കൊടുത്തതും ഒരു വിനോദരഹസ്യമാണു്. ബ്രാഹ്മണയുവതിയെ ചീത്ത പറഞ്ഞിട്ടു് പിഴ കൊടുത്തതു് മോശമായി പോയെന്നു പറയുന്നു. വളവു് പച്ചയിൽ ഒരു വായനശാല ആവശ്യമാണോ!

കന്യാകുളങ്ങര:—ചന്തയിലും, കാവിലും നടക്കുന്ന പരസ്യമായ ചൂതുകളിയെപ്പററി സ്ഥലം ഐ. പി. ശ്രദ്ധിക്കണേ.

കുളത്തൂപ്പുഴ;-മദ്യത്തിൻെറ വികൃതികൾ ധാരാളമായിരുന്നെങ്കിലും ഇല്ലികുളത്തു ശേഖരംപിള്ളയുടെ കഞ്ഞി സദ്യയോടുകൂടി മകരവിളക്കൽ സർവ്വമംഗളമായി. മുൻ അപേക്ഷകളെ വിഗണിച്ചു കൃഷിക്കായി ചതുപ്പുകൾ കൊടുക്കുന്നതു് മര്യാദിയാണോ!

കടയ്ക്കൽ:-എം. എം. സ്കൂളിലെ വനിതാദ്ധ്യാപികമാർ ക്ലാസുസമയങ്ങളിൽ ഉറങ്ങുന്നതായി ഒരു കേൾവി.

മടത്തുറ:-പോലീസ് ചെക്കിംഗ് ഏർപ്പെടുത്തിയതു് എല്ലാംകൊണ്ടും പ്രൊഹിബിഷൻ കാർക്കു് ഒരു ബലമായി.

ഇടയ്ക്കോട്ടു്:-കരിമ്പാലി അണയിലെ ടിപ്പു് ടാപ്പു് അന്വേഷിച്ചു് അടുത്തതിൽ; കോരാണി ചന്തയിൽ കശപിശ ഒന്നും ഇല്ല.

പുല്ലമ്പാറ:-മുള്ളാളത്തു് ഒരു അഞ്ചൽപ്പെട്ടിയെങ്കിലും സ്ഥാപിക്കുന്നതിനു അധികൃതരുടെ ശ്രദ്ധ തെളിഞ്ഞുപതിയേണ്ടതാണു്. ഒരു കുബേരകുമാരൻെറ മാർജാരപ്രണയവും സാധുക്കളുടെ മേൽ കുതിര കയറുന്ന ന്യൂലാമാലകൾവരുന്നു. തേമ്പാമൂട്ടിൽ അക്കാരം പ്രണയവും പേരുമല ഭുവനേന്ദ്ര രഹസ്യവും വഴിയെ.

വെഞ്ഞാറമൂട്ടു്:-കറുത്ത കരിംചന്ത കൺടക്ടറരുടെ പഞ്ചസാരയുടെ നിറമാററം തുടങ്ങിയ ഡിമാലങ്ങളുടെ വേലകൾ വിശദമായി അടുത്തലക്കത്തിൽ.

കല്ലറ:—മിതൃമ്മല ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിനു് വലിയ അനുഭവമില്ലാത്ത രണ്ടേക്കർ സ്ഥലത്തിനു 5000 രൂപാ കൊടുക്കാമെന്നു പറഞ്ഞിട്ടും ഒരു ഉണ്ണിത്താനദ്ദേഹം തൃപ്തനാകുന്നില്ല പോലും; കൺടക്ടറർ കൈമാറിയിട്ടും അരുവിപ്പുറംറോഡു് ശോച്യാവസ്ഥയിൽ; സിനിമാ മാനേജർ തമിഴിലേ മലയാളികളോടു് 'സംസ്സാരിക്കൂ. എന്നു് ഒരു നിർബന്ധബഹളം.

വടക്കനാര്യാട്ടു്:-ആസ്പിൻ വാരം ബ്രാഞ്ചിലെ ഒരു ക്ലാക്കിനെപ്പററി ഉത്ഭവിച്ചിരിക്കുന്ന പരാതിയെക്കുറിച്ചു് അന്വേഷിച്ചു അടുത്തതിൽ; ചക്കാത്തുവായനക്കാരുടെ ലിസ്റ്റു് വരുന്നു. എം. പ. സ്കൂളിലെ ഒരു ടീച്ചറുടെ രഹസ്യസംഭാഷണം വലിയലേഖനമായിപുറത്തുവരുന്നു. വികടകേസരി ഒററപ്രതി ന്യൂഫാഷൻ ടെയിലറിംഗ് ഹൗസ്സിൽ കിട്ടുന്നതാണു്. ഒരു മാന്യൻെറ

THE RAMAKRISHNA ELECTRIC WORKS,

**Specialists in A. C & D C Generator, Motor Convertor, Transformer and Dynamo Repairs and Armature Windings and Dealers in Electrical Goods.**

**CHINNAKADA, QUILON.**

അർശസ്സ് രോഗം നാട്ടുകാരെ വിഷമിപ്പിക്കുന്നതായി ഒരു ബഹളം നടക്കുന്നു. വഴിയരികിനു സമീപമുള്ള വീട്ടിൽനിന്നും ഓടിയ ട്ടാർസൻെറ പേരു് പറയട്ടെയോ! ശ്രീ നാരായണ ധർമ്മപ്രചരണ ഗുരുമന്ദിരത്തിൻെറ ജീർണ്ണാവസ്ഥ മാററാൻ കഴിവില്ലാത്ത സെക്രട്ടറിയും പ്രസിഡൻറും ഇനിയെങ്കിലും രാജിവയ്ക്കുന്നതു് നാട്ടുകാർക്കു ശ്രീ നാരായണനോടുള്ള ഒരു ബന്ധമാണ്! ഗോമ ഉപുരം ഷോറൂമിലെ ...പ്പാ മാനേജർക്കു് വികടകേസരിയെ പിടിത്തമില്ലപോലും! ...യില കരിഞ്ചന്തവ്യാപാര രഹസ്യം അന്വേഷണത്തിൽ; വികടകേസരിയുടെ കലവൂർ ഏജൻറായി ശ്രീ. കെ. എൻ. സുഗുണാനന്ദനെ നിയമിച്ചിരിക്കുന്നു. (വി. കെ. പ.)

ആലപ്പുഴ:—ഗവ: ഉദ്യോഗസ്ഥന്മാരെ മൂന്നുകൊല്ലത്തിൽ കൂടുതൽ ഒരു സ്ഥലത്തു് ഇരുത്താൻ പാടില്ലെന്നു ഒരു സാമാന്യ നിയമമുണ്ടെന്നാണറിവു്. എന്നാൽ സ്ഥലം സബ്ഡിവിഷനാഫീസറെ സംബന്ധിച്ചിടത്തോളം അതിനു പ്രസക്തിയില്ലെന്നു വന്നിരിക്കുന്നതായി ഒരു സംസാരം ടൗണിൽ പരന്നിരിക്കുന്നു. (സത്യസന്ധനും ന്യായസ്ഥനും കർമ്മകുശലനുമായ ഒരുദ്യോഗസ്ഥനായതു കൊണ്ടാണെ മനസ്സിലാക്കണം. വി. കെ. പ.)

മുല്ലക്കൽ ഭീമാ & ബ്രദറിൽ വിവിധ തരത്തിലുള്ള സ്വർണ്ണാഭരണങ്ങൾ മിതമായ റേററിൽ വില്ക്കുന്നുണ്ടു്. മണ്ണഞ്ചേരി തെക്കേപാടകശ്ശേരി, ഒരു പൊട്ടി, പറക്കോട്ടു ഗോപാലൻെറ വിവാഹം, എല്ലാം ഒരു ഗുൽമാൽ തന്നെ. ലീയോ തർട്ടീന്തു് സേട്ടുതയ്യബും പന്നിറോഡുതമ്പിയും സൈക്കിൾ സപ്ളേയും കാപ്പികടിയും എല്ലാം വിശദമായി അന്വേഷണത്തിൽ.

ആററിങ്ങൽ: താലൂക്കിലെ പഴ ഡി. സി. ബികൾ പട്ടിണിപാവങ്ങളായ പ്യൂൺസിൻെറ വയററിലടിക്കുന്ന സമ്പ്രദായം ഇനിയെങ്കിലും നിറുത്തിയാൽ കൊള്ളാം. അവനവഞ്ചേരി ചന്തമുക്കിൽ ഒരു പകർച്ചവ്യാധിക്കാരൻ കച്ചവടം നടത്തിവരുന്നതായി ഒരു പരാതി ഉണ്ടായിരിക്കുന്നു. മുൻസിപ്പാലിററിക്കകത്തുള്ള വീട്ടുകരം നാലിരട്ടിയായി വർദ്ധിപ്പിച്ചതു് അശേഷം നന്നായില്ല. ഗ്രാൻറവിഷവൈദ്യശാലയിൽ മററു ആയുർവേദചികിത്സകളും വിശിഷ്യാ പേപ്പട്ടി വിഷചികിത്സയും നടത്തിവരുന്നു.

പത്തനംതിട്ട:—സ്വദേശികളായ ചില സിൽബന്ധികൾ ഐ. പി. യെ തെററിദ്ധരിപ്പിച്ചു ചില തകരാറുകൾ ഉണ്ടാക്കിവരുന്നതായറിയുന്നു. മി. വിശ്വംഭരൻ വക ഒരു ജൗളിവ്യാപാരം വളരെ ഭംഗിയായി S. N. D. P. സൗധത്തിൽ നടത്തിത്തുടങ്ങിയിരിക്കുന്നു. ഒരു നിയസമാധാന ഉദ്യോഗസ്ഥൻ മിടുക്കരാവിക്കുന്നുവെങ്കിലും ഏത്തക്കുല


## വസ്തുവിൽക്കാനുണ്ടു്.

കല്ലറചന്തക്കു കിഴക്കുവശം റോഡരുകിൽ ചീനിവിള പുത്തൻവീട്ടിൽ നിന്നും 78 സെൻറു പുരയിടവും കെട്ടിടവും കിണറും. വേറെ 42 സെ: പുരയിടവും വില്പനയ്ക്കുണ്ടു്. ആവശ്യക്കാർ താഴെക്കാണുന്ന വിലാസത്തിൽ എഴുതുക.

എൻ. നാരായണൻനായർ
ടീഷാപ്പു്, കിഴക്കേ നാലുമുക്കു്
ആററിങ്ങൽ.

## ആലപ്പീ സിൽക്കു ഹൗസ്

കല്ലൻറോഡു്, ആലപ്പുഴ
(മുല്ലക്കൽ ബ്രാഞ്ചു്)

ഒന്നാംതരം സിൽക്സാരികൾ, പട്ടു്, ചീട്ടി, ഷർട്ടിംഗ്, ഇവകൂടാതെ എല്ലാത്തരം ജൗളിത്തരങ്ങളും മിതമായ വിലക്കു വില്പനയ്ക്കുണ്ടു്.

പ്രൊപ്രൈററർ
ഭീമാ & ബ്രദർ.

യിലും പപ്പടത്തിലും വലിയ സ്നേഹമാണെന്നു തോന്നുന്നു. ഗഞ്ചാകൺട്രാക്ടർക്കുവാഴമുട്ടത്തുവച്ചു കിട്ടിയ സംഭാവനലിസ്റ്റു് അടുത്തതിൽ റേഷനിംഗാഫീസരുടെ സ്ഥലംമാററം ആരെ ഉദ്ദേശിച്ചാണെന്നു മനസ്സിലായി. തഹശീൽദാരുടെ ഉമ്മാക്കിപ്പണി അത്ര നല്ലതിനല്ല. വയലിറക്കം ഈയിടെ പതപാകതയിലാണു്. സക്സ്സ്കൊട്ടകയിൽ ഒരു കൊച്ചുകുട്ടിയുമായി നില്ക്കുമ്പോൾ ടിയാനെ ഗുണദോഷിച്ചതു് ഒരു ചെറിയ അനീതിയാണു്. അന്നപൂർണ്ണാലയം ഹോട്ടലുംഗണേശഭവൻപോററി ഹോട്ടലും വളരെ ഭംഗിയായി നടന്നു വരുന്നു.

പുനലൂർ:-പെന്തിക്കോസ്തുകാരുടെ കയ്യും കാലുമിളക്കിയുള്ള മതപ്രസംഗത്തിൽ ഗഗ്നതയെപ്പോലും ചിന്തിക്കാതെ ഹാലിളകി പോകുന്നതിൽ സ്ഥലത്തെ ക്രസ്തുമതാവലംബികൾക്കുപോലും വെറുപ്പായിരിക്കുന്നു. ബോംബെ സ്റ്റോറിൽ ഒന്നാംതരം ജൗളിത്തരങ്ങൾ വന്നു ചേർന്നിരിക്കുന്നു. പാലത്തിനു കിഴക്കുവശമുള്ള നിത്യാനന്ദഭവൻ ഹോട്ടൽ മാനേജരേയും മററും ചെളിവാരിയെറിയാനൊരുങ്ങുന്ന കുബുദ്ധികളുടെ കൊതിക്കെറുവു് വിശദമായടുത്തതിൽ.

നെടുമങ്ങാട്ടു്:—ബാബൂസ് ററീ രുചിക്കും, ശുചിക്കും മെച്ചംതന്നെന്നു് പലരും പറയുന്നു. മി: ഗോവിന്ദപ്പിള്ളയുടെ ഹോട്ടലിൽ സ്പെഷ്യൽ തൈരു് വിൽപനക്കു് വയ്ക്കാത്തതിൽ ഒരു M. L. A. കശപിശ ഉണ്ടാക്കിപോലും. സാധു ഹോട്ടലുകാരെ വയററിലടിക്കരുതേ! റേഷനിംഗ്ആഫീസർ സ്വാമി കൃത്യനിഷ്ഠക്കാരനാണെന്നു് നാട്ടുകാർ പറയുന്നു. അംബികവിലാസം റൗൺട്ഹോട്ടൽ റൗണ്ടിനു് ഒരലങ്കാരം തന്നെ. പഞ്ചസാര ക്ഷാമം കുറയ്ക്കുന്നതിനുവേണ്ടി ആ നാട്ടു് പകുതി പാർവ്വത്യകാർ പല ചായക്കടക്കാരേയും സമീപിച്ചു് അപേക്ഷകൾഎഴുതിപ്പിച്ചു് പാർവ്വത്യകാർ റെക്കമെൻറുചെയ്തു് അയക്കുന്നതു മേലാവിൽനിന്നും റിപ്പോർട്ടു് ആവശ്യപ്പെട്ടിട്ടാണോ! കൂടുതൽ വിവരത്തിനു് അന്വേഷിക്കാം. (വി. കേ. പ.)

വള്ളക്കടവു്:—ഒരു ഫോറംസെയിൽ വ്യാപാരിയെപ്പററി അടിക്കടി പല കള്ളലേഖനങ്ങളും പേരുവയ്ക്കാതെ വരുന്നു. പേരും വിലാസവും വയ്ക്കാതെവരുന്ന ലേഖനം ചേർക്കുന്നതല്ല. വള്ളംവഴി സാധനങ്ങൾ അന്യസ്ഥലങ്ങളിൽ അയക്കാനുള്ള കച്ചവടക്കാർ മി: S. മഹമ്മദുന്നുഹുവിനെ സമീപിക്കുക.

പലവക:—ചിറയിൻകീഴു് ഒരു റേഷൻ വ്യാപാരി റേഷനിംഗ് ആഫീസർക്കു് പത്തു വാങ്ങിക്കൊടുക്കാൻ ശ്രമിച്ചു നടക്കുന്നതായി ഒരു സംസ്സാരം പരന്നിരിക്കുന്നു. ആററങ്ങൽ മീനാംബികയിൽ കുംഭം 6-ാംതീയതി "വേലക്കാരൻ" സംഗീതനാടകം വരുന്നു. ഏവരും കാണേണ്ട ഒരു നാടകമാണു്. പൂജപ്പുര മി: വാസുദേവൻപിള്ളയുടെ ഉടമസ്ഥതയിൽ വിതരണം നടത്തുന്ന ലില്ലി ബ്രാൻറു് ററീ ഒന്നാംതരമാണു്. വികടകേസരിയുടെ തുമ്പമൺ ഏജൻറായി മി: പി. ആനന്ദനെ നിയമിച്ചിരിക്കുന്നു. (വി. കേ. പ.)


## ബ്രാച്ചൽ പെൻവർക്സ്

ഗുണത്തിലും, ഭംഗിയിലും, മികച്ച സ്വദേശി ഫൗണ്ടൻപേനകൾ. എല്ലാ ഇനം പേനകളുടേയും സ്പെയർപാർട്സുകൾ മുതലായവ പൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി ഇവിടെ കിട്ടുന്നതാണു്.

കൂടുതൽ വിവരങ്ങൾക്കെഴുതുക:

**ബ്രാച്ചൽ പെൻവർക്സ് & ഏജൻസി,**

ആററിങ്ങൽ. A. O. P. O.

കുഞ്ഞുങ്ങൾക്കുണ്ടാകാറുള്ള എല്ലാവിധ രോഗങ്ങളും ഉത്തരവാദിത്വത്തോടുകൂടി പരിമിതകാലാവധിക്കകം പരിപൂർണ്ണസുഖം പ്രാപിക്കുന്നതിനു ഞങ്ങളെ സമീപിക്കുക.

സി. കെ. കൃഷ്ണൻവൈദ്യൻ &
കെ. കെ. കുട്ടൻ വൈദ്യൻ.
സിദ്ധവൈദ്യബാലചികിത്സാലയം
കരമന, തിരുവനന്തപുരം.

## വസന്താ സാമിൽ

ചിറയിൻകീഴ് താലൂക്കിലെ മികച്ച
ഏകസ്ഥാപനം
നാലുമുക്കിനു സമീപം ആററിങ്ങൽ.

ഭക്ഷ്യധാന്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി മിതമായ റേററിൽ ഇവിടെ പൊടിച്ചു കൊടുക്കപ്പെടും

മാനേജർ.

# WEST COAST FISHERIES (Travancore) Ltd.,

ഏജൻസി സ്ഡിപ്പോ, കററച്ചക്കോണം,
തിരുവനന്തപുരം.

ശുചിത്വമുള്ള പല ഇനത്തിലുള്ള പച്ച മത്സ്യങ്ങളും ഉണക്ക മത്സ്യങ്ങളും സഹായവിലക്ക് ഇവിടെ കിട്ടുന്നതാണ്. ആവശ്യക്കാർ ഞങ്ങളെ സമീപിക്കുവിൻ.

# പ്രത്യേക അറിയിപ്പ്

## പി. മാധവൻതമ്പി

—വെങ്കലപാത്ര വ്യാപാരം,—

ചാല, തിരുവനന്തപുരം.

ഞങ്ങളുടെ കടയിൽനിന്നും വാങ്ങുന്ന വെങ്കലപാത്രങ്ങൾക്ക് എന്തെങ്കിലും അററകുററമോ, ഉപയോഗശൂന്യമോ ആയിരുന്നാൽ, ആ പാത്രം ഞങ്ങൾ തരുന്ന ബില്ലോടുകൂടി മടക്കിക്കൊണ്ടുവരാവുന്നതും ബില്ലുപ്രകാരംതന്നെ സൈസുപാത്രം കൈവശം ഇല്ലാത്തപക്ഷം ഭാരത്തിൻറ വില തിരിച്ചുകൊടുക്കുന്നതും ആകുന്നു.

**N. B.** ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യുന്ന ചെമ്പുപാത്രങ്ങളിൽ ഞങ്ങളുടെ മുദ്ര ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സ്റ്റെയിൻലസ്സ് സ്ററീൽ (എവർസിൽവർ) പാത്രങ്ങളും എപ്പോഴും കിട്ടുന്നതാണ്. ഒരേവില !!

പ്രൊപ്രൈററർ, പി. എം. തമ്പി.

"സിദ്ധൌഷധങ്ങൾ 3"

സുകൃതൻ—മേമൽ, ചുണങ്ങ് ഇവയ്ക്കു
2—0—0

മദനാമൃതം—ധാതുപുഷ്ടിക്ക് റാത്തൽ
1-ക്ക് 10—0—0

നീലിതൈലം—ചാരണം മാററ
നം, മുടി വളരുവാനും 10 oz. 3—0—0

എം. എ. ഫാർമസി,
ചിന്നക്കട
കൊല്ലം A. O. & P. O.

അന്നപൂർണ്ണാലയം ഹോട്ടൽ

ചിന്നക്കട, കൊല്ലം.

പ്രശസ്തമായ രീതിയിൽ നടന്നുവന്നിരുന്ന പ്രസ്തുത ഹോട്ടൽ പൂർവ്വാധികം ഭംഗിയാക്കിയിരിക്കുന്നു. യാത്രക്കാരുടേയും സ്ഥിരതാമസക്കാരുടേയും സൗകര്യത്തെ ഉദ്ദേശിച്ചു് പ്രത്യേകമുറികളും കുളിപ്പുരയും തയ്യാർ ചെയ്തിരിക്കുന്നു.

മാനേജർ.

THE SANTHA BAKERY

PULIMOODU, TRIVANDRUM.

പരിഷ്കൃത രീതിയിൽ നടത്തുന്ന സല്ക്കാരപരിപാടികളിലും വിലമതിക്കപ്പെട്ടിട്ടുള്ള ഞങ്ങളുടെ ബിസ്ക്കററുകൾ, കേക്കുകൾ, ഫാൻസി സ്വീററുകൾ മുതലായവ എപ്പോഴും തയാർ.

മാനേജർ.

സന്ദർശിക്കുവിൻ! സംതൃപ്തിയടയുവിൻ!!

രാജാ മിൽക്കു പ്രൊഡക്ഷൻ

ആര്യശാല, ചാല, തിരുവനന്തപുരം.

ഞങ്ങളുടെ സ്ഥാപനത്തിൽ പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടിയവെണ്ണയും, നെയ്യും കിട്ടുന്നതാണു്.

അംബികവിലാസം റെസ്ററാറൻറ്

മീനാംബികാ തിയേററിനു സമീപം ആററിങ്ങൽ.

നിങ്ങൾ ആററിങ്ങൽ വരുമ്പോൾ ഞങ്ങളുടെ റെസ്റ്റാറൻറ് സന്ദർശിക്കുവിൻ. സുഖകരമായ ഭക്ഷണവും ഹൃദ്യമായ പാനീയങ്ങളും എപ്പോഴും തയ്യാർ.

പ്രൊ: P. ശങ്കരൻനായർ.

തിരുവനന്തപുരം മുരുകൻ പ്രസ്സിൽ അച്ചടിപ്പിച്ചു് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതു്.